www.societytodaynews.com

2024 SEPTEMBER
11
WEDNESDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## പെൻഷൻ; കെഎസ്ആർടിസിയ്ക്ക് 74.20 കോടി രൂപ കൂടി അനുവദിച്ചു

**തിരുവനന്തപുരം:** കെഎസ്ആർടിസിയ്ക്ക് സംസ്ഥാന സർക്കാർ 74.20 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു. പെൻഷൻ വിതരണത്തിന് കോർപറേഷൻ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്ന് എടുത്ത വായ്പകളുടെ തിരിച്ചടവിനായാണ് സഹായം ലഭ്യമാക്കിയത്.

ഈ സാമ്പത്തിക വർഷം ബജറ്റിൽ കെഎസ്ആർടിസിക്ക് 900 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 864.91 കോടി രൂപ ഇതിനകം ലഭ്യമാക്കി. രണ്ടാം പിണറായി സർക്കാർ ഇതുവരെ 6044 കോടി രൂപയാണ് കോർപറേഷന് നൽകിയത്.

ത്തിൻറെ ഭാഗമായി 45 കോടി രൂപയുടെ സഹായം സർക്കാർ അനുവദിച്ചു. മിനിമം കൂലി ഉറപ്പാക്കൽ പദ്ധതിയിലാണ് തുക ലഭ്യമാക്കിയത്. 8,94,922 തൊഴിലാളികൾക്ക് ഓണക്കാല ആനുകൂല്യം ലഭിക്കുമെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു. കയർ, മത്സ്യബന്ധനം, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി ആൻഡ് സിഗാർ മേഖലകളിലെ ഇൻകം സപ്പോർട്ട് സ്കീം ആനുകൂല്യമാണ് വിതരണം ചെയ്യുന്നത്. ഇതിനൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഫീസർമാർക്ക് 2750 രൂപ ഉത്സവബത്ത നിശ്ചയിച്ച് ധന വകുപ്പ് ഉത്തരവിറക്കി. ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1250 രൂപ ഉത്സവബത്ത ലഭിക്കും.

## ഐഫോൺ 16 സീരിസ് എത്തി

**ന്യൂദൽഹി:** ഐഫോൺ 16 സീരിസ് പുറത്തിറങ്ങിയതിനു പിന്നാലെ പഴയ ഐഫോൺ മോഡലുകളിൽ ചിലത് വിപണിയിൽ നിന്ന് പിൻവലിച്ച് ആപ്പിൾ. ഇവയിൽ കഴിഞ്ഞ വർഷം പുറത്തിറക്കിയ ഐഫോൺ 15 പ്രോ, ഐഫോൺ 15 പ്രോ മാക്സ് ഐഫോൺ 13 എന്നീ മോഡലുകളും ഉൾപ്പെടുന്നു. ഇവയുടെ ഉത്പാദനം കമ്പനി അവസാനിപ്പിച്ചതായി ആപ്പിൾ അറിയിച്ചു. ഇതോടൊപ്പം ഐഫോൺ 15, ഐഫോൺ 14 എന്നീ മോഡലുകളുടെ വില 10,000 രൂപയോളം കുറച്ചിട്ടുണ്ട്.ഐഫോൺ 15 പ്രോ മോഡലുകൾ പിൻവലിച്ചതോടെ വിപണിയിൽ ഐഫോൺ 16 സീരീസിൽ മാത്രമായിരിക്കും ആപ്പിൾ ഇൻറലിജൻസ് ലഭിക്കുക. നിലവിലുള്ള ഐഫോൺ 15 പ്രോ മാക്സ് ഉപഭോക്താക്കൾക്ക് സോഫ്റ്റ് വെയർ അപ്ഡേഷനിലൂടെ ആപ്പിൾ ഇൻറലിജൻസ് ലഭിക്കുമെങ്കിലും ഐഫോൺ 15 പ്രോ ഇനി പുതിയത് വാങ്ങാനാവില്ല

# ചൈനയിൽ ആവശ്യം കുറഞ്ഞു: ചെമ്പിന്റെ വില ഇടിയുന്നു

**ന്യൂദൽഹി:**ഏറ്റവും ഉയർന്ന വിലയിൽനിന്ന് ചെമ്പ് 17 ശതമാനം താഴ്ന്നിരിക്കുന്നു. ചൈനയിൽ നിന്നുള്ള ഡിമാന്റിലുണ്ടായ ഇടിവ്, വെയർ ഹൗസുകളിൽ കെട്ടിക്കിടക്കുന്ന അവസ്ഥ, യുഎസ് ഡോളറിന്റെ കരുത്ത് എന്നിവയാണ് വില ഇടിയാൻ കാരണം. പല സംഭരണ ശാലകളിലും ചെമ്പിന്റെ ശേഖരം ഉയർന്ന തോതിലാണുള്ളത്. ലണ്ടൻ ലോഹ വിപണിയിൽ നിന്നുള്ള പുതിയ കണക്കുകളനുസരിച്ച്, അവരുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഭരണ ശാലകളിൽ മാത്രം കെട്ടിക്കിടക്കുന്ന ചെമ്പിന്റെ അളവ് അഞ്ച് വർഷത്തെ ഉയർന്ന നിലയിലാണ്. ജൂൺ പകുതിയോടെ ഇത് ഇരട്ടിക്കുകയും ചെയ്തു. ചൈനയിലെ സംഭരണ ശാലകളിലും നാലു വർഷത്തെ കൂടിയ അളവിലാണ് ചെമ്പ് ഉള്ളത്.



ലോകത്തിലെ ഏറ്റവും വലിയ ഉത്പന്ന ഉപഭോക്താക്കളായ ചൈനയിൽ നിന്നുള്ള കയറ്റുമതിയിലുണ്ടായ കുതിപ്പിലെ വ്യതിയാനം ഇതിനൊരു കാരണമാണ്. സർക്കാരിന്റെ ഉത്തേജക പരിപാടികൾക്കു ശേഷവും കണക്കുകൾ നിരാശാജനകമായി തുടരുന്നു. ചൈനയുടെ സാമ്പത്തിക വളർച്ച രണ്ടാംപാദത്തിൽ പ്രതീക്ഷയ്ക്കു താഴെയാണ്. നിർമാണ മേഖലയിലെ കണക്കുകൾ തുടർച്ചയായി നാലാം മാസവും കുറയുകയാണുണ്ടായത്. സാമ്പത്തിക മേഖലയുടെ ദൗർബല്യമാണ് ഇത് കാണിക്കുന്നത്. നിർമ്മാണ, ധന മേഖലകളിലെ സങ്കോചം കാരണം ഈ വർഷം ചൈനയുടെ ചെമ്പിന്റെ ഡിമാന്റ് വളർച്ച ഒന്നോ രണ്ടോ ശതമാനമായി മാത്രം ഒതുങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോവിഡിന് ശേഷം സാമ്പത്തിക വീണ്ടെടുപ്പ് ചൈനയിൽ പ്രതീക്ഷയ്ക്കൊത്ത് ഉയരുകയുണ്ടായില്ല. റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ പ്രതിസന്ധിയും യുഎസുമായി രൂപപ്പെട്ട വ്യാപാര യുദ്ധവും വ്യാപാര രംഗത്തും വീടകങ്ങളിലും ആത്മവിശ്വാസമില്ലാതാക്കി. ഉപഭോഗത്തേയും ഉത്പന്നങ്ങളുടെ ഡിമാന്റിനേയും ഇത് ബാധിച്ചു.

വൻകിട ബാങ്കുകൾ വരുംവർഷങ്ങളിലെ ചെമ്പിന്റെ വില കുറച്ചിരിക്കയാണ്. ലോഹ വിപണിയിലെ മുൻ നിരക്കാരിലെ പ്രമുഖരായ ഗോൾഡ്മാൻ സാച്സ്, അടുത്ത വർഷത്തേക്കുള്ള ചെമ്പിന്റെ വില ലക്ഷ്യം ടണ്ണിന് നേരത്തേ കണക്കാക്കിയിരുന്ന 15000 ഡോളറിൽ നിന്ന് 10100 ഡോളറായി താഴ്ത്തി.

# സൈബർ കുറ്റകൃത്യം തടയാൻ 5000 സൈബർ കമാൻഡോകൾ

## വൻ പ്രഖ്യാപനവുമായി അമിത് ഷാ

**ന്യൂഡൽഹി:** സൈബർ കുറ്റകൃത്യങ്ങൾ ദിനംപ്രതി വർധിച്ചുവരുന്നത് കണക്കിലെടുത്ത്, അതിനു തടയിടാൻ വമ്പൻ പദ്ധതികളുമായി കേന്ദ്ര സർക്കാർ. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പ്രത്യേക പരിശീലനം നൽകിയ 5000 'സൈബർ കമാൻഡോകളെ' രംഗത്തിറക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു. സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പങ്കുവയ്ക്കാൻ പ്രത്യേക പോർട്ടലും ഒരു ഡേറ്റ രജിസ്ട്രിയും ഉറപ്പാക്കുമെന്നും അദ്ദേഹം അറിയിച്ചു. ഡൽഹിയിൽ ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ ആദ്യ സ്ഥാപക ദിനാഘോഷത്തിന്റെ ഭാഗമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.



പ്രമുഖ ബാങ്കുകൾ, സാമ്പത്തിക ഇടനിലക്കാർ, ടെലികോം സേവന ദാതാക്കൾ, ഐടി ഇടനിലക്കാർ, സംസ്ഥാന കേന്ദ്ര ഭരണ പ്രദേശങ്ങളിലെ നിയമ നിർവഹണ ഏജൻസികൾ എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സൈബർ തട്ടിപ്പുകൾ നിയന്ത്രിക്കാനുള്ള പദ്ധതി രൂപീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. ഈ ഏജൻസികളെല്ലാം ഒത്തൊരുമിച്ച് പ്രവർത്തിച്ച് ഓൺലൈൻ വഴിയുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾക്ക് അറുതി വരുത്തണമെന്നും അമിത് ഷാ ആഹ്വാനം ചെയ്തു.

മീവത്, ജമ്താര, അഹമ്മദാബാദ്, ഹൈദരാബാദ്, ചണ്ഡിഗഡ്, വിശാഖപട്ടണം, ഗുവാഹത്തി എന്നിവിടങ്ങളിൽ സൈബർ ഏകോപന സംഘത്തെ രൂപീകരിച്ചിട്ടുണ്ടെന്നും മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ ഭാഗമായി വിവിധ സമൂഹമാധ്യമ പ്ലാറ്റ്!ഫോമിലൂടെ ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ടെന്നും അമിത് ഷാ പറഞ്ഞു.





## ഓൾ കേരള ഫാർമസി ഇന്റർ കൊളീജിയറ്റ് ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ അമൃത ജേതാക്കൾ

**കൊച്ചി:** തൃശൂരിൽ നടന്ന ഓൾ കേരള ഫാർമസി ഇന്റർ കൊളീജിയറ്റ് ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ അമൃത സ്കൂൾ ഓഫ് ഫാർമസി ടീം ജേതാക്കളായി.

ഫൈനലിൽ തൃശൂർ വെസ്റ്റ് ഫോർട്ട് കോളേജ് ഓഫ് ഫാർമസി ടീമിനെ നേരിട്ടുള്ള സെറ്റുകൾക്കാണ് (152, 152 ) കീഴടക്കിയത്.

ടൂർണമെന്റിലെ മികച്ച കളിക്കാരിയായി അമൃത സ്കൂൾ ഓഫ് ഫാർമസിയിലെ ഹയാന ഫാത്തിമയെ തിരഞ്ഞെടുത്തു.



## മന്ത്രി പി. രാജീവിനെ ആദരിച്ചു

**കളമശ്ശേരി:** കേന്ദ്ര സർക്കാരിന്റെ വ്യവസായ സൗഹൃദ റാങ്കിങ്ങിൽ കേരളത്തെ ഒന്നാമതെത്തിച്ച വ്യവസായ മന്ത്രിയും ഖാദി ബോർഡ് ചെയർമാനുമായ പി.രാജീവിനെ ആദരിച്ചു. ഖാദി ബോർഡ് വൈസ് ചെയർമാൻ പി.ജയരാജൻ ബോർഡ് സെക്രട്ടറി ഡോ.കെ.എ. രതീഷ് എന്നിവർ ചേർന്ന് കളമശേരി കാർഷികോത്സവ വേദിയിൽ മന്ത്രിക്ക് മൊമെൻറ്റോ നൽകി.

ബോർഡ് മെമ്പർമാർമാരായ കെ.ചന്ദ്രശേഖരൻ, രമേഷ് ബാബു, സാജൻ തൊടുക, കാർഷികോത്സവ സംഘാടക സമിതി ചെയർമാൻ വി.എം. ശശി എന്നിവർ പങ്കെടുത്തു.

## കളമശ്ശേരി കാർഷികോത്സവം: സമാപന ദിനത്തിൽ വടംവലി, പൂക്കള മത്സരങ്ങൾ

**കളമശ്ശേരി:** കളമശ്ശേരി കാർഷികോത്സവം 2.0 ന്റെ സമാപന ദിനമായ ഈ മാസം 13 നു വടംവലി , ഓണപൂക്കള മത്സരങ്ങൾ സംഘടിപ്പിക്കും. കളമശ്ശേരി അസംബ്ലി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സഹകരണ ബാങ്കുകൾക്കും പങ്കെടുക്കാം.

വടംവലി , പൂക്കള മത്സരങ്ങൾക്ക് പ്രത്യേകം പുരസ്കാരങ്ങൾ സമ്മാനിക്കും. പൂക്കള മത്സരത്തിൽ യഥാർത്ഥ പൂക്കൾ മാത്രമെ ഉപയോഗിക്കാവൂ എന്ന് സംഘാടകർ അറിയിച്ചു.

## നിക്മാർ ഐ.ഐ.ഐ.സി സംയുക്തമായി എക്സിക്യൂട്ടീവ് പ്രോഗ്രാം സംഘടിപ്പിച്ചു

**കൊച്ചി:** പൂനെ ആസ്ഥാനമായും ഡൽഹി, ഹൈദരാബാദ് എന്നിവിടങ്ങളിൽ കൂടി പ്രവർത്തിക്കുന്ന നിക്മാർ യൂണിവേഴ്സിറ്റി കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തിക്കുന്ന ഐ.ഐ.ഐ.സിയുമായി ചേർന്ന് കോൺട്രാക്ട് മാനേജ്മെന്റ് ഇൻ കൺസ്ട്രക്ഷൻ എന്ന വിഷയത്തെ ആധാരമാക്കി മൂന്ന് ദിവസത്തെ എക്സിക്യൂട്ടീവ് പ്രോഗ്രാം സംഘടിപ്പിച്ചു. നിക്മാർ യൂണിവേഴ്സിറ്റി ചാൻസലർ പ്രൊഫ. അനിൽ കഷ്യപ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. നിർമ്മാണ മേഖലയിൽ ഓട്ടോമേഷന്റെയും ഡിജിറ്റലൈസേഷന്റെയും പ്രാധാന്യത്തെക്കുറിച്ചും നൈപുണ്യ വികസനത്തിന്റെ ആവശ്യകതയെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. ഉദ്ഘാടന പരിപാടിയിൽ നിക്മാർ ഡയറക്ടർ ഡോ. പൂനം കഷ്യപ് ആശംസകൾ അർപ്പിച്ചു. ഐ.ഐ.ഐ.സി ഡയറക്ടർ പ്രൊഫ. സുനിൽ കുമാർ സ്വാഗതവും നിക്മാർ ഡീൻ ഡോ.സർബേഷ് മിഷ്റ നന്ദിയും രേഖപ്പെടുത്തി.



# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെമിനാറും പുസ്തകപ്രകാശനവും നടത്തി

**ചാലക്കുടി:** എസ്. ജെ. ജോർജ് തേനാടിക്കുളം രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'പണിയപ്പെരുമ ഒരു വംശീയ സംഗീത പഠനം' എന്ന പുസ്തകത്തിന്റെ പ്രകാശനവും സെമിനാർ ഉദ്ഘാടനവും ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളെജിൽ ഫോക് ലോർ അക്കാദമി ചെയർമാൻ ഒ. എസ്. ഉണ്ണികൃഷ്ണൻ നിർവഹിച്ചു. കോളെജ് പ്രിൻസിപ്പൽ ഡോ. ഷാജു കെ. എസ്. പുസ്തകം ഏറ്റുവാങ്ങി. ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളെജുമായി സഹകരിച്ച് സംഘടിപ്പിച്ച പരിപാടിയിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ ആധ്യക്ഷ്യം വഹിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ കെ. ആർ. സരിതകുമാരി പുസ്തകം പരിചയപ്പെടുത്തി. ഗ്രന്ഥകാരൻ എസ്. ജെ. ജോർജ് മറുമൊഴി നടത്തി. മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ഷിജു കെ സ്വാഗതവും എഡിറ്റോറിയൽ അസിസ്റ്റന്റ് ബിന്ദു എ നന്ദിയും പറഞ്ഞു. 190 രൂപ മുഖവിലയുള്ള പുസ്തകം 152 രൂപയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാലകളിൽ ലഭിക്കും.

തുടർന്ന് നടന്ന സെമിനാറിൽ കേരളീയഗോത്രസംസ്കാരം അപകോളനീകരണവും സ്വത്വ നിർമ്മിതിയും എന്ന വിഷയത്തിൽ ഡോ. ആന്റണി പാലയ്ക്കൽ, നാട്ടുസംഗീതത്തിന്റെ ഉള്ളൊഴുക്കുകൾ എന്ന വിഷയത്തിൽ ജോർജ് തേനാടിക്കുളം എസ് ജെ, പളിയനൃത്തം ഒരു പാരിസ്ഥിതിക വിശകലനം എന്ന വിഷയത്തിൽ ഹരിപ്രിയ എസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു സംസാരിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ അമ്പിളി ടി. കെ, ചാലക്കുടി പി.എം.ജി. കോളേജ് പ്രൊഫസർ ഡോ. കൃഷ്ണ അരവിന്ദ് എന്നിവർ മോഡറേറ്റർമാരായി. ചാലക്കുടി പിഎംജി കോളേജ് അസി. പ്രൊഫസർമാരായ ഡോ. സോമലാൽ ടി. എം. സ്വാഗതവും ഡോ. ജയകുമാർ എസ്. എസ്. നന്ദിയും പറഞ്ഞു. തുടർന്ന് ഫോക്ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പളിയനൃത്തം അവതരിപ്പിച്ചു. സെമിനാർ കോഓർഡിനേറ്റർ സ്വാഗതവും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ നന്ദിയും പറഞ്ഞു.

# സിക്കിൾസെൽ രോഗികൾക്ക് പ്രത്യേക ഓണക്കിറ്റ്

**തിരുവനന്തപുരം:** വയനാടിലെ സിക്കിൾസെൽ രോഗികൾക്ക് ആരോഗ്യ വകുപ്പ് പ്രത്യേക ഓണക്കിറ്റ് നൽകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സിക്കിൾ സെൽ രോഗികൾക്ക് കഴിഞ്ഞ വർഷം മുതലാണ് ആദ്യമായി പ്രത്യേക ഓണക്കിറ്റ് ലഭ്യമാക്കിയത്. നിലവിൽ അവർക്ക് നൽകുന്ന ന്യൂട്രീഷൻ കിറ്റ് കൂടാതെയാണ് ഓണക്കിറ്റ് നൽകുന്നത്. പായസം കിറ്റ്, തേയിലപ്പൊടി, കാപ്പിപ്പൊടി, പഞ്ചസാര, ചെറുപയർ, വൻപയർ, കടല തുടങ്ങിയ ഇനങ്ങളാണ് കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

വയനാട് ജില്ലയിലെ സിക്കിൾ സെൽ അനീമിയ രോഗികളുടെ പരിശോധനകളും ചികിത്സയും വളരെ മികച്ച രീതിയിൽ നടന്നു കൊണ്ടിരിക്കുന്നു. 202324 സാമ്പത്തിക വർഷത്തിൽ 1,20,000 അരിവാൾ രോഗ പരിശോധനകൾ വയനാടിന്റെ എല്ലാ ഭാഗങ്ങളിലുമായി നടത്തുകയും അതിൽ നിന്നും കണ്ടെത്തിയ 58 പുതിയ രോഗികൾക്കുള്ള ചികിത്സ ആരംഭിക്കുകയും ചെയ്തു. എല്ലാ മാസവും 2.5 കിലോഗ്രാം പയറുവർഗങ്ങൾ അടങ്ങിയ പോഷകാഹാര കിറ്റ് എല്ലാ രോഗികൾക്കും നൽകി വരുന്നു.

സിക്കിൾസെൽ ചികിത്സയ്ക്ക് നൂതന സംവിധാനങ്ങളാണ് സർക്കാർ ഒരുക്കി വരുന്നത്.

ഹീമോഫീലിയ, തലസീമിയ, സിക്കിൾ സെൽ രോഗികൾക്ക് സഹായവുമായി ആശാധാര പദ്ധതി നടപ്പിലാക്കി വരുന്നു. ആശാധാരയ്ക്ക് പ്രധാന സർക്കാർ ആശുപത്രികളിൽ പരിശീലനം നേടിയ ഫിസിഷ്യൻമാരുടേയും അർപ്പണബോധമുള്ള സ്റ്റാഫ് നഴ്സുമാരുടേയും സേവനം ലഭ്യമാക്കി. മാനന്തവാടി ആശുപത്രിയിൽ പ്രത്യേക വാർഡ് സജ്ജമാക്കി. രോഗികളെ സൗജന്യമായി ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ 108 ആംബുലൻസ് സേവനം ലഭ്യമാക്കി.

# ഹോപ്പ് പദ്ധതിക്ക് തുടക്കമായി

**കൊച്ചി:** എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ വിജയത്തിലെത്താൻ സാധിക്കാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണ നൽകി വീണ്ടും പഠിപ്പിക്കുന്ന കേരള പോലീസിന്റെ പ്രൊജക്ട് ഹോപ്പ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലയിലെ 20242025 വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. പുതിയതായി ഹോപ്പി ലേക്ക് വന്ന കുട്ടികളെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി നടത്തിയ 'പ്രതീക്ഷോത്സവം2024 സോഷ്യൽ പോലീസിംഗ് ജില്ലാ നോഡൽ ഓഫീസർ അഡീഷണൽ എസ്.പി എം. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സോഷ്യൽ പോലീസിംഗ് വിങ് കോർഡിനേറ്റർ പി.എസ് ഷാബു അധ്യക്ഷത വഹിച്ചു. പ്രൊജക്റ്റ് ഹോപ്പ് കോർഡിനേറ്റർ വി.എസ് ഷിഹാബ് എടത്തല എംഇഎസ് ട്രെയിനിങ് കോളേജ് ഹോപ്പ് സെന്റർ കോർഡിനേറ്റർ ബി.എസ് സിന്ധു , പറവൂർ ലക്ഷ്മി കോളേജ് ഹോപ്പ് സെന്ററിലെ അധ്യാപകൻ സി യു രാജേഷ്, സോഷ്യൽ പോലീസ് ടീം അംഗം കെ.ആർ ബിജീഷ്, ഓമനക്കുഞ്ഞമ്മ, ഒ.ബി ലിസ്ന , സിമി, ആർഷമോൾ, ബിജു ബാലൻ തുടങ്ങിയവർ പ്രസംഗിച്ചു. പ്രൊജക്റ്റ് ഹോപ്പിന്റെ വിജയത്തിനായി പ്രവർത്തിക്കുന്ന അധ്യാപകർക്കും മെന്റേഴ്സായി പ്രവർത്തിക്കുന്ന എം.ഇ എസ് ട്രെയ്നിംഗ് കോളേജിലെ



ബിഎഡ് വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു. പത്തുവർഷത്തോളമായി കേരള പോലീസിന്റെ സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പോലീസുദ്യോഗസ്ഥരെയും ആദരിച്ചു. വിഎസ് സ്വാഗതം ആശംസിച്ചു. കഴിഞ്ഞ അധ്യയന വർഷം വിജയം കൈവരിച്ച 13 വിദ്യാർത്ഥികൾക്ക് മൊമെന്റോ വിതരണം ചെയ്തു

# എലിപ്പനി മരണം ഒഴിവാക്കാൻ ഡോക്സിസൈക്ലിൻ കഴിക്കണം

**തിരുവനന്തപുരം:** ഇടവിട്ടുള്ള മഴ കാരണം ഡെങ്കിപ്പനിയ്ക്കെതിരേയും എലിപ്പനിയ്ക്കെതിരേയും ജാഗ്രത തുടരണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എലിപ്പനി മരണം ഒഴിവാക്കാൻ എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കഴിക്കണം. കൈകാലുകളിൽ മുറിവുകളുള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുകയോ ചെയ്യണം. മലിന ജലത്തിലിറങ്ങിയവർ നിർബന്ധമായും എലിപ്പനി പ്രിരോധ ഗുളിക കഴിണമെന്നും മന്ത്രി വ്യക്തമാക്കി.

സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. ഫീൽഡ്തല പ്രവർത്തനങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും ശക്തമാക്കണം. റീജിയണലായി ഫീൽഡ്തല ജീവനക്കാരുടെ യോഗം അടിയന്തരമായി ചേരേണ്ടതാണ്. ഐഎംഎ ഉൾപ്പെടെയുള്ള സംഘടനകളുടെ സഹകരണം കൂടി ഉറപ്പാക്കും. ഫീൽഡ്തല പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കണം. കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ശക്തമാക്കണം. മരണങ്ങൾ പരമാവധി ഒഴിവാക്കാനാകണം. ആശുപത്രികൾ ചികിത്സാ പ്രോട്ടോകോൾ കൃത്യമായി പാലിക്കേണ്ടതാണ്.

മലേറിയയ്ക്കെതിരെ ജാഗ്രത പാലിക്കണം. ഹെപ്പറ്റൈറ്റിസ് കേസുകൾ കഴിഞ്ഞ മാസത്തിൽ കുറവ് വന്നെങ്കിലും ഈ മാസത്തിൽ ചിലയിടങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇൻഫ്ളുവൻസ എച്ച്.1 എൻ.1 രോഗത്തിനെ പ്രതിരോധിക്കാൻ മാസ്ക് ധരിക്കേണ്ടതാണ്. കുട്ടികളിലെ പനി ശ്രദ്ധിക്കണം. അസുഖമുള്ള കുട്ടികളെ സ്കൂളിൽ അയയ്ക്കരുത്. കൃത്യമായ ചികിത്സയും വിശ്രമവും ഉറപ്പാക്കണം. വയറിളക്ക രോഗങ്ങൾക്കെതിരേയും ശ്രദ്ധിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ.

മാസ്ക്, സാമൂഹിക അകലം, കൈകളുടെ ശുചിത്വം തുടങ്ങിയ വ്യക്തിഗത സുരക്ഷാ മാർഗങ്ങളിലൂടെ ഇൻഫ്ളുവൻസ, ജലദോഷം, ചുമ എന്നിവയെ പ്രതിരോധിക്കാനാകും. ആശുപത്രി സന്ദർശകർ നിർബന്ധമായും മാസ്ക് വയ്ക്കണം. രോഗികളല്ലാത്തവർ പരമാവധി ആശുപത്രി സന്ദർശനം ഒഴിവാക്കണം. ജലദോഷമുള്ളവർ മാസ്ക് ധരിക്കുന്നതാണ് അഭികാമ്യം.

ഗർഭിണികൾ, അനുബന്ധ രോഗമുള്ളവർ, പ്രായമായവർ എന്നിവർ മാസ്ക് ഉപയോഗിക്കണം. മൂന്ന് ദിവസത്തിൽ കൂടുതൽ നീണ്ടു നിൽക്കുന്ന പനിയാണെങ്കിൽ നിർബന്ധമായും വിദഗ്ധ ചികിത്സ തേടണം. സ്വയം ചികിത്സ പാടില്ല. നീണ്ട് നിൽക്കുന്ന പനിയോ അപായ സൂചനകളായ പനിയോട് കൂടിയുള്ള ശ്വാസതടസം, അമിതമായ നെഞ്ചിടിപ്പ്, നെഞ്ച് വേദന, ബോധമില്ലാതെ സംസാരിക്കുക, ബോധക്ഷയം, കഫത്തിൽ രക്തത്തിന്റെ അംശം, അമിതമായ ക്ഷീണം എന്നിവ ഉണ്ടെങ്കിൽ വിദഗ്ധ ചികിത്സ തേടേണ്ടതാണ്.

ചില രാജ്യങ്ങളിൽ എംപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രതിരോധം ശക്തമാക്കിയിട്ടുണ്ട്. കേന്ദ്ര മാർഗനിർദേശങ്ങളനുസരിച്ച് സംസ്ഥാനത്തെ എല്ലാ എയർപോർട്ടുകളിലും സർവൈലൻസ് ടീമുണ്ട്. എന്തെങ്കിലും രോഗലക്ഷണങ്ങൾ കാണുന്നവർ ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കേണ്ടതാണ്.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഐഎസ്എം ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# ഓണച്ചന്തകളിൽ പഴം, പച്ചക്കറികൾക്ക് 30% വിലക്കുറവ്: മന്ത്രി പി പ്രസാദ്

**തിരുവനന്തപുരം:** സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന 2000 ഓണച്ചന്തകളിൽ പഴം, പച്ചക്കറികൾക്ക് 30 ശതമാനം വരെ വിലക്കുറവുണ്ടാകുമെന്ന് കൃഷി മന്ത്രി പി പ്രസാദ്. ഓണത്തിനോടനുബന്ധിച്ച് കൃഷി വകുപ്പ് ആരംഭിക്കുന്ന 2000 കർഷക ചന്തകളുടെയും സഞ്ചരിക്കുന്ന വിൽപ്പനശാലകളുടെയും ഉദ്ഘാടനം തിരുവനന്തപുരം വികാസ് ഭവനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. വിപണിയിലൂടെ 10 ശതമാനം അധികം വില നൽകിയാണ് കൃഷിക്കാരിൽ നിന്നും പഴങ്ങളും പച്ചക്കറികളും സംഭരിക്കുന്നത്. ഇടനിലക്കാരെ ഒഴിവാക്കി നേരിട്ടു സംഭരിക്കുന്നതിനാൽ കർഷകർക്ക് കൂടുതൽ ഗുണകരമാകും. നമ്മുടെ പച്ചക്കറി ആവശ്യങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ട്. ഇത്തരം സ്ഥലങ്ങളിൽ നിന്നും കർഷകക്കൂട്ടായ്മകളുമായി ചർച്ച ചെയ്ത് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നത് ഉപഭോക്താക്കൾക്ക് ഗുണം ചെയ്യുന്നു. വിലക്കയറ്റത്തെ പിടിച്ചു നിർത്താൻ സംസ്ഥാന സർക്കാർ നടത്തുന്ന ആത്മാർഥമായ പരിശ്രമങ്ങളുടെ ഭാഗമാണിത്. അനുവദനീയമായ അളവിനേക്കാൾ വിഷാംശം കൂടുതലുള്ള പച്ചക്കറികൾ ഒഴിവാക്കുന്നു എന്ന പ്രത്യേകതയുമുണ്ട്. എന്നാൽ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്താൻ കഴിയുന്ന സംസ്ഥാനമെന്ന നിലയിൽ അത്തരത്തിലുള്ള ആത്മാർഥമായ പരിശ്രമങ്ങൾ ഉണ്ടാകണം. പഴവർഗങ്ങളും, ഇലവർഗങ്ങളും ഉൾപ്പെടെയുള്ള പല പച്ചക്കറികളും നമ്മുടെ പറമ്പിലും കൃഷിയിടങ്ങളിലും ഉൽപ്പാദിപ്പിക്കാൻ കഴിയണം. ഇതിനാവശ്യമായ ബൃഹത്തായ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ രൂപം നൽകിക്കഴിഞ്ഞു. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ വിജയത്തിന്റെ തുടർച്ചയായിരിക്കും ഇത്.

വിപണിയുടെ സാധ്യതകൾ കൂടി പഠിച്ചുകൊണ്ടാകണം പച്ചക്കറി ഉൽപ്പാദനം വേണ്ടതെന്നും അല്ലാത്തപക്ഷം ആവശ്യക്കാരില്ലാത്ത സാഹചര്യത്തിൽ കർഷകന് നഷ്ടമുണ്ടാകും എന്നത് ഓർക്കണമെന്നും മന്ത്രി പറഞ്ഞു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൂടുതൽ ചലിക്കുന്ന പച്ചക്കറിച്ചന്തകൾ സംസ്ഥാനവ്യാപകമായി ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. സെപ്റ്റംബർ 11 മുതൽ 14 വരെയാണ് കർഷകച്ചന്തകൾ പ്രവർത്തിക്കുക. ചടങ്ങിൽ ഹോർട്ടികോർപ്പിന്റെ സഞ്ചരിക്കുന്ന വിൽപനശാല ആന്റണിരാജു എം.എൽ.എ ഫ്ലാഗ് ഓഫ് ചെയ്തു. കൃഷി വകുപ്പ് ഡയറക്ടർ അദീല അബ്ദുള്ള, മുതിർന്ന കർഷകൻ അബ്ദുൾ റഹീം, കർഷകത്തൊഴിലാളി നെൽസൺ എന്നിവർ പങ്കെടുത്തു.

## കുസാറ്റ്: സായാഹ്ന വിദേശഭാഷാ കോഴ്സുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിദേശഭാഷാ വിഭാഗം നടത്തുന്ന ഒരു വർഷത്തെ ഇംഗ്ലീഷ്, സായാഹ്ന വിദേശഭാഷാ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി സെപ്റ്റംബർ 11 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് പി.ജി ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിനും, പ്ലസ്ടു/തത്തുല്യ യോഗ്യതയുള്ളവർക്ക് ഫ്രഞ്ച്/ജർമ്മൻ/ജാപ്പനീസ് കോഴ്സുകൾക്കും അപേക്ഷിക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.00 ന് വിദേശഭാഷാ വിഭാഗം ഓഫീസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 6282167298 എന്ന നമ്പറിലോ delf@cusat.ac.in എന്ന മെയിലിലോ ബന്ധപ്പെടുക.

## 25 ലക്ഷം രൂപയുടെ ഐസിഎസ്എസ്ആർ ഗ്രാന്റ് നേടി കുസാറ്റ്

**കൊച്ചി:** ഓട്ടിസ്റ്റം ബാധിച്ച കുട്ടികളുടെ അമ്മമാരെ ശാക്തീകരിക്കുന്നതിന് സാമൂഹിക വികസനത്തിനായി മാനസിക, ശാരീരിക, സാമ്പത്തികക്ഷേമം ഉറപ്പുവകുത്താനുള്ള പ്രോജക്റ്റിനായി ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച് (ഐസിഎസ്എസ്ആർ) ഏർപ്പെടുത്തിയ ടീമിന് 25 ലക്ഷം രൂപയുടെ ഗവേഷണ ഗ്രാന്റ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയ്കക്ക്. സ്പെഷ്യൽ കോൾ ഫോർ വിഷൻ വികസിത് ഭാരത്@2047 എന്ന വിഭാഗത്തിൽ, എ ക്യാറ്റഗറിയിലാണ് ഈ ഗവേഷണം ഉൾപ്പെടുത്തിയിട്ടുള്ളത്. കുസാറ്റിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. ഫെസീന ഖാദിർ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്ററായി നയിക്കുന്ന ഗവേഷണ ടീമിൽ, പ്രോജക്ട് ഡയറക്ടർമാരായി, ആൽഫ പീഡിയാട്രിക് റീഹാബിലിറ്റേഷൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൻറെ ഡയറക്ടർ ഷാനി.എസ്.ഹമീദ്, ബെംഗളൂരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മല്ലിക ശങ്കർ, തിരുവനന്തപുരം എസ്.യു.ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസസിലെ പ്രൊഫസർ ഡോ. മഞ്ജു കോശി, കുസാറ്റിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സ്മാർട്ടി മുകുന്ദൻ, കൊല്ലം അമൃത വിശ്വ വിദ്യാപീഠം അസിസ്റ്റൻറ് പ്രൊഫസർ ഡോ. ആർ. അനന്തി എന്നിവർ ഉൾപ്പെടുന്നു.
ഓട്ടിസ്റ്റം ബാധിച്ച കുട്ടികൾക്ക് പരിചരണം നൽകുന്നവരെന്ന നിലയിൽ, അമ്മമാർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ്, അവർക്ക് മാനസികവും ശാരീരികവും സാമ്പത്തികവുമായ ക്ഷേമം ഉറപ്പുവരുത്തുക എന്നതാണ് ഈ ഗവേഷണത്തിൻറെ ലക്ഷ്യം.

## ശിവഗിരിയിൽ കഥാപ്രസംഗ പ്രതിഭാസംഗമം

**ശിവഗിരി :** കഥാപ്രസംഗത്തിൻറെ ശതാബ്ദി പ്രമാണിച്ച് നവരാത്രി കാലത്ത് എല്ലാ ദിവസവും കഥാപ്രസംഗം അവതരിപ്പിക്കുവാൻ ശിവഗിരിയിൽ വേദി സജ്ജമാകുന്നു. ഹരികഥാകാലാക്ഷേപം നടത്തിയിരുന്ന നീലകണ്ഠൻ എന്ന പ്രതിഭയെ സത്യദേവനാക്കി മാറ്റി സാമൂഹിക പരിഷ്കരണത്തോടുകൂടി കഥ അവതരിപ്പിക്കുന്നതിന് മാർഗനിർദേശം നൽകിയതു ഗുരുദേവനാണ്. മഹാകവി കുമാരനാശാൻ, ഡോ.പൽപ്പു, പണ്ഡിറ്റ് കറുപ്പൻ എന്നിവർ സഹായിക്കുകയും ചെയ്തു. ഇങ്ങനെയുള്ള ഈ കലയുടെ ശതാബ്ദി പ്രമാണിച്ച് നവരാത്രികാലത്ത് കഥാപ്രസംഗം അവതരിപ്പിക്കുവാനുള്ള വേദി സജ്ജമാക്കുവാൻ ശിവഗിരിമഠം തീരുമാനിച്ചു. കഥാപ്രസംഗം അവതരിപ്പിക്കുന്നത് സംബന്ധിച്ച് ഉള്ള വിവരങ്ങൾ പിന്നാലെ നൽകുന്നതായിരിക്കുമെന്ന് ധർമ്മസംഘം ഭാരവാഹികൾ പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ എന്നിവർ അറിയിച്ചു, കഥാപ്രസംഗം കൂടാതെ സംഗീതം, ഡാൻസ്, ഓട്ടൻതുള്ളൽ, വില്ലാട്ട് തുടങ്ങിയ കലകളും അവതരിപ്പിക്കാനാകും. വിവരങ്ങൾക്ക് മഠം പി. ആർ. ഒ, ഇ. എം. സോമനാഥനുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ : 9447551499

## ശ്രീനാരായണ മാസാചരണം

**ശിവഗിരി :** ഗുരുദേവ ജയന്തി ദിനത്തിൽ തുടക്കം കുറിച്ച ശ്രീനാരായണ മാസാചരണവും ധർമ്മചര്യയഞ്ജവും സംസ്ഥാനത്തും അയൽസംസ്ഥാനങ്ങളിലും തുടരുകയാണ്. ശിവഗിരിയിൽ വൈദികമഠത്തിൽ നിത്യേന നടക്കുന്ന പ്രാർത്ഥനയിൽ ദർശനത്തിനായി വന്നു ചേരുന്ന ഭക്തജനങ്ങൾക്ക് ശാരദാമഠത്തിലും, മഹാസമാധിയിലും ദർശനത്തിനു ശേഷം വൈദികമഠത്തിൽ ജപയജ്ഞത്തിൽ സംബന്ധിക്കാമെന്ന് ശിവഗിരിമഠത്തിൽ നിന്നും അറിയിച്ചു.

സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സംഘടനകളും, ക്ഷേത്രങ്ങളും നടത്തുന്ന പ്രാർത്ഥനയ്ക്കൊപ്പം നിത്യേന ഭക്തരുടെ വസതികൾ കേന്ദ്രീകരിച്ചും പ്രാർത്ഥനായോഗങ്ങളും, പാരായണവും നടക്കുന്നുണ്ട്.

## പ്രവാസി സംഗമം

**ശിവഗിരി :** ശിവഗിരിയിൽ നടക്കുന്ന ആഗോള പ്രവാസിസംഗമത്തിൻറെ മുന്നോടിയായി നാടാകെയുള്ള പ്രചാരണ യോഗങ്ങൾ അവസാനഘട്ടത്തിലേക്ക്. വിദേശ രാജ്യങ്ങളിൽ സംന്യാസിമാർ നേരിട്ടും പ്രവാസി കൂട്ടായ്മകൾ ഇതിനകം സംഘടിപ്പിക്കുകയുണ്ടായി. രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിലും കേരളത്തിലും ഗുരുദേവ പ്രസ്ഥാനങ്ങളും മലയാളി സംഘടനകളും യോഗങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാത്തു ശിവഗിരി കേന്ദ്രീകരിച്ചു, ജില്ലാ, മണ്ഡലം, യൂണിറ്റ് തലത്തിൽ ഗുരുധർമ്മപ്രചരണസഭയും, മാതൃസഭയും, യുവജനസഭയും നടത്തി വരുന്ന പ്രചാരണ യോഗങ്ങളും അവസാനഘട്ടത്തിലായി.

ഒണക്കാലത്തു നാട്ടിലെത്തുന്ന എല്ലാ പ്രവാസികൾക്കും നാട്ടിലെത്തി വിശ്രമജീവിതം നയിക്കുന്നവർക്കും ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ളവർക്കും കുടുംബത്തോടൊപ്പം 16, 17 തീയതികളിൽ നടക്കുന്ന സമ്മേളനങ്ങളിൽ പങ്കെടുക്കാവുന്നതാണെന്നു ശിവഗിരി മഠം അറിയിച്ചു.

## മാർ റാഫേൽ തട്ടിൽ ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ അജപാലന സന്ദർശനത്തിനായി പുറപ്പെട്ടു

**കൊച്ചി:** സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ അജപാലന സന്ദർശനത്തിനായി പുറപ്പെട്ടു. മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടതിനു ശേഷം ആദ്യമായി ബ്രിട്ടനിലെത്തുന്ന സഭാതലവനെ സ്വീകരിക്കാൻ വിപുലമായ ഒരുക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് ഗ്രേറ്റ് ബ്രിട്ടൺ രൂപതാ പിആർഒ റവ.ഡോ. ടോം ഓലിക്കരോട്ട് അറിയിച്ചു. 2024 സെപ്റ്റംബർ 11 മുതൽ 29 വരെ നീണ്ടുനിൽക്കുന്ന സന്ദർശനത്തിൽ രൂപതയുടെ വിവിധ ഇടവകകളും, മിഷൻ കേന്ദ്രങ്ങളും മാർ തട്ടിൽ സന്ദർശിക്കും. 11ന് ഹീത്രു വിമാനത്താവളത്തിൽ എത്തുന്ന മേജർ ആർച്ചുബിഷപ്പിനെ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലിന്റെ നേതൃത്വത്തിൽ സ്വീകരിക്കും. 12ന് റാംസ്ഗേറ്റ് ഡിവൈൻ ധ്യാനകേന്ദ്രത്തിൽ രൂപതയിലെ വൈദിക സമ്മേളനത്തെ മേജർ ആർച്ചുബിഷപ്പ് അഭിസംബോധന ചെയ്യും. 15ന് വൂൾവർ ഹാംപ്ടണിൽ ആയിരത്തിഅഞ്ഞൂറിൽപരം യുവജനങ്ങൾ പങ്കെടുക്കുന്ന 'ഹന്തൂസാ' എസ്.എം.വൈ.എം. കൺവെൻഷൻ മാർ തട്ടിൽ ഉദ്ഘാടനം ചെയ്യും. 16ന് ബെർമിംഗ്ഹാമിൽ ഗ്രേറ്റ് ബ്രിട്ടൻ രൂപത പുതുതായി വാങ്ങിയ മാർ യൗസേപ്പ് അജപാലന ഭവനത്തിന്റെയും രൂപതാ ആസ്ഥാനത്തിന്റെയും വെഞ്ചരിപ്പ് കർമ്മവും അദ്ദേഹം നിർവ്വഹിക്കും. 21ന് ബെഥേൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന വിമൻസ് ഫോറം വാർഷിക കൺവെൻഷൻ മേജർ ആർച്ചുബിഷപ്പ് ഉദ്ഘാടനം ചെയ്യും.

വെസ്റ്റ് മിനിസ്റ്റർ കാർഡിനൽ വിൻസന്റ് നിക്കോൾസ്, ഇംഗ്ലണ്ടിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് മിഗ്വൽ മൗറി എന്നിവരുമായും മാർ റാഫേൽ തട്ടിൽ കൂടിക്കാഴ്ച്ചകൾ നടത്തും. ബ്രിസ്റ്റോളിലെ പുതിയ ഇടവക ദൈവാലയത്തിന്റെ കൂദാശാകർമ്മവും രൂപതയിലെ വിവിധ റീജിയനുകളിലെ പതിനഞ്ച് പുതിയ മിഷൻ കേന്ദ്രങ്ങളുടെ പ്രഖ്യാപനവും മാർ തട്ടിൽ നിർവ്വഹിക്കും. തുടർന്നുള്ള ദിവസങ്ങളിൽ ഗ്രേറ്റ് ബ്രിട്ടൺ രൂപതയ്ക്ക് സ്വന്തമായുള്ള അഞ്ച് ഇടവകകൾ സന്ദർശിക്കുകയും വിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്യും. മേജർ ആർച്ചുബിഷപ്പിന്റെ സന്ദർശനത്തെ മാതൃ സഭയോടുള്ള തങ്ങളുടെ കൂട്ടായ്മയും മാർതോമാ ശ്ലീഹായുടെ പിൻഗാമിയായ സഭാതലവനോടുള്ള വിധേയത്വവും പ്രകടിപ്പിക്കാനുള്ള അവസരമായാണ് ഗ്രേറ്റ് ബ്രിട്ടനിലെ സീറോ മലബാർ വിശ്വാസികൾ കാണുന്നതെന്ന് ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ പറഞ്ഞു.

## ബ്ലാസ്റ്റേഴ്സ് നായകൻ ലൂണ തന്നെ

**കൊച്ചി:** ഐഎസ്എലിൽ കേരള ബ്ലാസ്റ്റേഴ്സ് നായകനായി ഉറുഗ്വേക്കാരൻ അഡ്രിയാൻ ലൂണ തുടരും. പ്രതിരോധ താരം മിലോസ് ഡ്രിൻസിച്ചാണ് വൈസ് ക്യാപ്റ്റൻ.

2021ലാണ് ലൂണ ബ്ലാസ്റ്റേഴ്സിൽ എത്തുന്നത്. കഴിഞ്ഞ സീസണിൽ ടീമിന്റെ ക്യാപ്റ്റനായി. 53 മത്സരങ്ങളില 13 ഗോൾ നേടിയിട്ടുണ്ട്. ഈ 32കാരനാണ് ബ്ലാസ്റ്റേഴ്സിന്റെ കളി നിയന്ത്രിക്കുന്നത് 2027വരെ കരാറുണ്ട്. കഴിഞ്ഞ സീസണിലാണ് ഡ്രിൻസിച്ച് ബ്ലാസ്റ്റേഴ്സിന്റെ ഭാഗമാകുന്നത്. 19 കളിയിൽ മൊണ്ടിനെഗ്രോക്കാരൻ ഇറങ്ങിയിട്ടുണ്ട്. 19 കളിയിൽ രണ്ട് ഗോൾ നേടി.

ഗോൾ കീപ്പർമാർ: നോറ ഫെർണാണ്ടസ്, സച്ചിൻ സുരേഷ്, സോം കുമാർ. പ്രതിരോധം: ഐബൻബ ഡോഹ്‌ലിങ്, അലെക്സാൻഡ്രെ കൊയെഫ്, റുയ്‌വാ ഹോർമിപാം, മിലോസ് ഡ്രിൻസിച്ച്, ഹുയ്‌ദ്രോം നവോച്ച സിങ്, പ്രബീർ ദാസ്, പ്രീതം കോട്ടൽ, സന്ദീപ് സിങ്. മധ്യനിര: അഡ്രിയാൻ ലൂണ, ബ്രൈസ് മിറാൻഡ, ഡാനിഷ് ഫാറൂഖ്, ഫ്രെഡ്ഡി ലല്ലംമാവ്മ, മുഹമ്മദ് അയ്മെൻ, മുഹമ്മദ് അസ്ഹർ, റെന്ത്‌ലെയ് ലാൽതൻമാവിയ, സൗരവ് മണ്ഡൽ, സുഖം യൊയ്ഹെൻബ മെയ്തി, വിബിൻ മോഹനൻ.

മുന്നേറ്റം: ഇഷാൻ പണ്ഡിത, ക്വാമി പെപ്ര, നോഹ സദൂയ്, കെ പി രാഹുൽ, എം എസ് ശ്രീകുട്ടൻ.

## പാചക വാതക സിലിണ്ടർ വിതരണ തൊഴിലാളികളുടെ ബോണസ് തർക്കം പരിഹരിച്ചു

**കൊച്ചി:** സംസ്ഥാനത്തെ ഗ്യാസ് ഏജൻസികളിൽ പാചക വാതക സിലിണ്ടർ വിതരണം ചെയ്യുന്ന തൊഴിലാളികളുടെ 202324 വർഷത്തെ ബോണസ് സംബന്ധിച്ച തർക്കം പരിഹരിച്ചു.

ബോണസ് / എക്സ്ഗ്രേഷ്യ‌ആയി തൊഴിലാളികൾക്ക് 16000/ രൂപ ലഭിക്കും. മേൽ തുകയേക്കാൾ കൂടുതൽ കഴിഞ്ഞ വർഷം ഏതെങ്കിലും ഏജൻസികൾ ബോണസ് / എക്സ്ഗ്രേഷ്യ‌ആയി നൽകിയിട്ടുണ്ടെങ്കിൽ മേൽ തൊഴിലാളികൾക്ക് ആനുപാതികമായ വർദ്ധനവ് കൂടി ഉറപ്പാക്കിയിട്ടുണ്ട്.

അഡിഷണൽ ലേബർ കമ്മിഷണർ (ഐ.ആർ) കെ. ശ്രീലാൽന്റെ അധ്യക്ഷതയിൽ ചേർന്ന തൊഴിലാളി തൊഴിലുടമ പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനം. യോഗത്തിൽ ഡെപ്യൂട്ടി ലേബർ കമ്മിഷണർ (ആസ്ഥാനം) കെ.എസ് സിന്ധുവും തൊഴിലാളി തൊഴിലുടമ പ്രതിനിധികളും പങ്കെടുത്തു.

## കളമശ്ശേരി കാർഷികോത്സവം

# ഫൈവ് സ്റ്റാർ ഭക്ഷണം ആസ്വദിക്കാം

**കൊച്ചി:** ഫൈവ് സ്റ്റാർ ഭക്ഷണരുചി പോക്കറ്റിലൊതുങ്ങുന്ന കാശിന് ആസ്വദിക്കാൻ കളമശ്ശേരി കാർഷികോത്സവ വേദിയിൽ ആസ്വദിക്കാൻ അവസരം. വേദിയിൽ ഒരുക്കിയ ഫൈവ് സ്റ്റാർ ഫുഡ് കോർട്ടാണ് നിസാര കാശിനു ഭക്ഷണം ലഭ്യമാക്കുന്നത്.

ചിക്കൻ , ബീഫ് ബിരിയാണിക്കു 200 രൂപ മാത്രമാണ് വില. കിഴി പൊറോട്ടയ്ക്കും അതേ നിരക്ക് . മറ്റു ഐറ്റങ്ങൾക്കൊന്നിനും ശരാശരി റേറ്റിൽ വ്യത്യാസമില്ല.

അപ്പം , ബീഫ്, ചിക്കൻ വിഭവങ്ങൾ കോംബോ ആയും അല്ലാതെയും കിട്ടും . ഇറ്റാലിയൻ കോഫി ഇനങ്ങളാണ് പവലിയനിൽ ജനശ്രദ്ധ ആകർഷിച്ച മറ്റ് ഐറ്റങ്ങളിൽ പ്രധാനം. 60 രൂപ മുതലാണ് ഇറ്റാലിയൻ കോഫി നിരക്ക്.

കാസിനോ എയർ കാറ്ററേഴ്സ് ആന്റ് ഫ്ളൈറ്റ് സർവ്വീസസ് (ക്രാഫ്സ്), നിള, താജ് എന്നിവയാണ് നക്ഷത്ര ഭക്ഷണം ഒരുക്കിയത്. സെപ്തം: 11ന് നിള,

സെപ്തം: 12 താജ് ഹോട്ടൽ എന്നിവരുടെ ഫൈവ് സ്റ്റാർ രുചികൾ ആസ്വദിക്കാം.

വ്യവസായ മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിലാണ് കളമശ്ശേരി കാർഷികോത്സവം 2.0 സംഘടിപ്പിച്ചിരിക്കുന്നത്.

### ആട്ടിൻകൂട്ടിയെ ലേലം വിളിച്ച് ബെന്യാമിൻ

**കൊച്ചി:** ആട്ടിൻകുട്ടിയെ ലേലം വിളിച്ച് എഴുത്തുകാരൻ ബെന്യാമിൻ. കളമശ്ശേരി കാർഷികോത്സവ വേദിയിൽ ഒരുക്കിയ ലേലത്തറയിലാണ് കൗതുകക്കാഴ്ച. വ്യവസായ മന്ത്രി പി.രാജീവും വാശിയേറിയ മത്സരത്തിൽ പങ്കാളിയായി.

ആടുജീവിതം എഴുതി മനുഷ്യയാതനയെ സങ്കടാനുഭവമാക്കിയ എഴുത്തുകാരൻ ബെന്യാമിൻ ആടിന്റെ ലേലത്തിൽ വാശിയോടെ പങ്കെടുത്തത് നാടിന്റെ സങ്കടം അകറ്റാനാണ്. വയനാടിന്റെ കണ്ണീരൊപ്പാൻ. വ്യവസായ മന്ത്രി പി.രാജീവിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കളമശ്ശേരി കാർഷികോത്സവ വേദിയിലെ ലേലത്തറയിലാണ് ആട്ടിൻകുട്ടിയെ ലേലം ചെയ്തത്. കാർഷികോത്സവത്തിനെത്തിയതായിരുന്നു ബെന്യാമിൻ.

വാശിയേറിയ ലേലത്തിനൊടുവിൽ 13, 800 രൂപക്ക് കളമശ്ശേരി സ്വദേശി നൗഷാദ് ആട്ടിൻകുട്ടിയെ സ്വന്തമാക്കി. ലേലത്തുക വേദിയിൽ വച്ച് തന്നെ വയനാടിന് വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. മന്ത്രി പി.രാജീവ് തുക ഏറ്റുവാങ്ങി.

യഥാർത്ഥ വിലയുടെ മൂന്നിരട്ടിയിലേറെ തുകക്ക് ആട്ടിൻകുട്ടിയെ ലേലം കൊണ്ടെങ്കിലും സംഘാടകർക്ക് തന്നെ നൗഷാദ് അതിനെ തിരിച്ചു നൽകി. ഈ ആടിനെ വീണ്ടും ലേലം ചെയ്യും. തുക സിഎംഡിആർഎഫിലേക്ക് കൈമാറുകയും ചെയ്യും.

### ഒരേക്കർ നനയ്ക്കാൻ 25 മിനിറ്റ്; ആകാശപ്പറവകൾ ജോലി ചെയ്യും

**കൊച്ചി:** ഒരേക്കർ പാടശേഖരം നനയ്ക്കാൻ 25 മിനിറ്റ് മതി. ഒപ്പം കീടനാശിനിയും തളിക്കാം. ദേഹത്ത് വീഴുമെന്ന പേടി വേണ്ട. കാർഷിക വിദ്യയും റോബോട്ടിക്സും മേളിക്കുന്ന സുന്ദര സൃഷ്ടി ആകാശത്തു നിന്നാണ് നനയും മരുന്ന് തളിയും. അതും മനുഷ്യരില്ലാത്ത ഡ്രോണുകൾ.

കളമശ്ശേരി കാർഷികോത്സവം 2.0ലെ പ്രദർശനത്തിൽ തയ്യാറാക്കിയ തൃശൂർ ഇൻകർ റോബോട്ടിക്സിന്റെ ശാഖയിലാണിവ. ആറ് നനയ്ക്കൽ, തളിക്കൽ സംവിധാനങ്ങളുള്ള കാർഷിക ഡ്രോണിനു വില എട്ടു ലക്ഷം രൂപ .

ഡ്രോണുകൾ മാത്രമല്ല സെർവിംഗ് റോബോട്ടുകൾ , ഹോളോഗ്രാം ഫാൻ എന്നിവയും പ്രദർശനത്തിലുണ്ട്. ഓട്ടോമാറ്റിക് ചാർജിംഗിൽ പ്രവർത്തിക്കുന്ന സെർവിംഗ് റോബോട്ടുകൾക്ക് നിർദ്ദേശം നൽകിയാൽ മാത്രം മതി വേണ്ടിടത്ത് അവ സാധനങ്ങൾ എത്തിക്കും. മൂന്നു തട്ടുകളുള്ള ഇവയുടെ വില 12 ലക്ഷം രൂപ.

വോ എക്സ്പീരിയൻസ് ലഭ്യമാക്കുന്നതാണ് ഹോളോഗ്രാം ഫാൻ. കണ്ണിന്റെ പെഴ്സിസ്റ്റൻസ് ഓഫ് വിഷൻ എന്ന പ്രതിഭാസത്തെ ആസ്പദമാക്കി ഇത് പ്രവർത്തിക്കുന്നു. ബ്രാൻഡിംഗിൽ വോ എക്സ്പീരിയൻസ് ഫാനുകൾ സമ്മാനിക്കുന്നു. 28 ലക്ഷം രൂപ വീതം വേണ്ടി വരുന്ന മൂന്നു ഫാനുകൾ ഇതിനു ചെലവാകും.

പുറമെ റോബോ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച വിവരങ്ങളും പവിലയനിൽ ലഭ്യം. റോബോട്ടിക്സും ടെക്നോളജിയും അനുഭവവേദ്യമാക്കാൻ റോബോ പാർക്കിനു കഴിയും.

# കുസാറ്റിൽ ഡെയ്കിൻ സെൻറർ ഓഫ് എക്സലൻസ് ഉദ്ഘാടനം ഇന്ന്



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിംങ്ങ്, മെക്കാനിക്കൽ എൻജിനിയറിംങ്ങ് വിഭാഗത്തിൽ ആരംഭിക്കുന്ന ഡെയ്കിൻ എക്സലൻസ് സെന്ററിൻറെ ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 11) കുസാറ്റ് പ്ലേസ്മെന്റ് സെൽ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ഡെയ്കിൻ എയർ കണ്ടീഷനിംഗ് ഇന്ത്യ ലിമിറ്റഡ് ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ കമ്വൽജീത് ജാവാ ഉദ്ഘാടന കർമ്മം നിർവഹിക്കും. തുടർന്ന്. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ. പി.ജി. ശങ്കരൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കുസാറ്റും ഡെയ്കിൻ ഇന്ത്യയും ചേർന്ന് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കും. സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങ് പ്രിൻസിപ്പാൾ ഡോ. ശോഭ സൈറസ്, കണ്ണൂർ സർവകലാശാല വൈസ് ചാൻസലറും മെക്കാനിക്കൽ ഡിപ്പാർട്ട്മെൻറ്

മേധാവിയുമായ ഡോ. കെ.കെ. സാജു, ഡെയ്കിൻ ഇന്ത്യ സീനിയർ വൈസ് പ്രസിഡൻറും ഡയറക്ടറുമായ സഞ്ജയ് ഗോയൽ, ഡെയ്കിൻ ഇന്ത്യ മാനേജ്മെന്റ് അഡ്വൈസർ എ.പി.എസ്. ഗാന്ധി, ഡെയ്കിൻ ഇന്ത്യ റീജിയണൽ വൈസ് പ്രസിഡൻറ് എൻ.കെ. റാവു, ഡെയ്കിൻ ഇന്ത്യ കേരള എ.ജി.എം സുജിത് ശശിധരൻ നായർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും ഡെയ്കിൻ എക്സലൻസ് സെന്റർ, വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും എയർ കണ്ടീഷനിംഗ് സിസ്റ്റങ്ങളുടെ പ്രവർത്തനത്തിൽ പരിശീലനം നൽകും. വിദ്യാർത്ഥികൾക്ക് ഇൻറേൺഷിപ്പ് സൗകര്യം,വിവിധ പ്രായോഗിക പരിശീലന ക്ലാസുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്.സ്കൂൾ ഓഫ് എൻജിനീയറിംഗിലെ തെർമൽ ലാബിൽ ആണ് പുതിയ എക്സലൻസ് സെന്റർ ആരംഭിച്ചിരിക്കുന്നത്.



# കർഷകരെ ആദരിച്ച് ട്വന്റി 20 ഓണാഘോഷം

**കിഴക്കമ്പലം :** കർഷകരെ ആദരിച്ച് മാതൃക കാട്ടി ട്വന്റി 20 ഓണാഘോഷം. കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 15 ലെ ഓണാഘോഷമാണ് ഈ ക്കുറി കർഷകർക്ക് പ്രാധാന്യം നൽകി ആഘോഷമാക്കിയത്. നാടിന്റെ ഐശ്വര്യം കർഷകരാണ് എന്നാൽ കർഷകർക്ക് മുന്നോട്ട് പോകാൻ പറ്റാത്ത സ്ഥിതിവിശേഷമാണ് ഇപ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്നത് ട്വന്റി 20 പാർട്ടി ഉപാധ്യക്ഷൻ വി. ഗോപകുമാർ വാർഡ് 15 ലെ ഓണാത്സവ് പഴങ്ങനാട് വർഗീസ് ഐസക്ക് പാടിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദേഹം രാഷ്ട്രീയത്തിന്റെ പേരിൽ എല്ലാം വിഭാഗങ്ങളും തമ്മിലടിക്കുന്ന പ്രവണത നിലനിൽക്കുന്നതായും ഗോപകുമാർ പറഞ്ഞു. ചടങ്ങിൽ പതിനഞ്ചാം വാർഡിലെ ഏറ്റവും മികച്ച കർഷകനായി തെരഞ്ഞെടുക്കപ്പെട്ട കണിയോടിക്കൽ കെ കെ പീറ്ററിനെ പൊന്നാട അണിയിച്ച് മൊമെന്റോ നൽകി ആദരിച്ചു വാർഡിലെ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെയും ഹരിത കർമ്മസേനാ ഗങ്ങളെയും ചടങ്ങിൽ ആദരിച്ചു.

ഓണ പരിപാടി അവതരിപ്പിച്ച നൃർത്ത സംഘങ്ങൾക്കും കുട്ടികൾക്കും പ്രത്യേക പാരിതോഷികം നൽകി. വാർഡ് 15 ൽ മനോഹരമായി ഓണാഘോഷം സംഘടിപ്പിച്ച സംഘാടകരെയും വാർഡ് പ്രതിനിധിയും കോ ഓഡിനേറ്ററുമായ ഷീബ ടീച്ചറെ ട്വന്റി 20 പാർട്ടി ചെയർമാൻ ബോബി എം ജേക്കബ് ചടങ്ങിൽ അനുമോദിച്ചു. ഈ ആഘോഷം പഞ്ചായത്തിലെ മറ്റ് വാർഡുകൾക്ക് മാതൃകയാകട്ടെ എന്നും ബോബി എം ജേക്കബ് പറഞ്ഞു പഴയ ഓണക്കാലം അ പ്രത്യക്ഷമായതായും പുതിയതലമുറ അതൊക്കെ ഓർത്തിരിക്കേണ്ടതാണെന്നും മതസൗഹാർദത്തിന് ഊന്നൽ നൽകി വേണം ഇനിയുള്ള ഓണാഘോഷം എന്നും പഴങ്ങനാട് ഇടവക വികാരി റവ.ഡോ ഫാപോൾ കൈ പ്രമ്പാടൻ ആശംസാപ്രസംഗത്തിൽ പറഞ്ഞു.

പ്രസി ജിജോ ജോസഫ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ട്വന്റി 20 പാർട്ടി ഭാരവാഹികളായ അഗസ്റ്റിൻ ആന്റെണി ജീബി'എ ബ്രാഹം ബേബി ജോൺ ജൂഡ് ആന്റണി പഞ്ചായത്ത് പ്രസിഡന്റ് മിനി രതീഷ് ബിന്ദു ആർ ആശംസാ അർപ്പിച്ച് സംസാരിച്ചു വാർഡ് മെമ്പർ ഷീബ ടീച്ചർ കൃതജ്ഞതയും പറഞ്ഞു. ചടങ്ങിന് ശേഷം കുട്ടികളുടെ ഓണ പാട്ടും ഡാൻസും മുതിർന്നവനിതകളുടെ വഞ്ചിപ്പാട്ടും മാവേലിയുടെ സാന്നിദ്ധ്യവും വിഭവസമൃതമായ ഓണസദ്യയും ഓണോത്സവത്തിന് കൊഴുപ്പേകി

# വിജ്ഞാനാധിഷ്ഠിത സമൂഹത്തിൽ സാങ്കേതികവിദ്യാഭ്യാസത്തിന് സുപ്രധാന പങ്ക്: മന്ത്രി

**തിരുവനന്തപുരം:** അനുദിനം മാറുന്ന ലോകക്രമത്തിലും വിജ്ഞാനാധിഷ്ഠിത സമൂഹമെന്ന നിലയിൽ കേരളത്തിലും സാങ്കേതിക വിദ്യാഭ്യാസത്തിന് സുപ്രധാന പങ്കാണുള്ളതെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. ബിടെക് ആദ്യ വർഷ വിദ്യാർത്ഥികൾക്കായി എ പി ജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാല സംഘടിപ്പിച്ച ഇൻഡക്ഷൻ പ്രോഗ്രാം തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിങ് ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമഗ്ര കരിക്കുലം പരിഷ്ക്കരണത്തിലൂടെ പുതിയ കാലത്തിനനുസരിച്ച് കോഴ്സുകൾക്ക് രൂപം നൽകി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് അടക്കമുള്ളവ വൈദ്യശാസ്ത്ര മേഖലയിലുൾപ്പെടെ സ്വാധീനം ചെലുത്തുന്നു. പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും ലഭിക്കുന്ന രീതിയിലാണ് എൻജിനീയറിംഗ് കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്. സംരഭകത്വ പ്രോൽസാഹനം നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷനുമായും നൈപുണ്യ വികസനത്തിന് അസാപ്പുമായും സാങ്കേതിക സർവകലാശാല നിലവിൽ സഹകരിക്കുന്നുണ്ട്.

ചാന്ദ്രയാൻ ദൗത്യത്തിന് നേതൃത്വം നൽകിയ ഐ എസ് ആർ ഒ ചെയർമാൻ എസ്. സോമനാഥ് അടക്കമുള്ള നിരവധി എൻജിനീയർമാർ കേരളത്തിന്റെ സംഭാവനയാണെന്നത് എൻജിനീയറിംഗ് മേഖലയിലെ സംസ്ഥാനത്തിന്റെ വിഭവശേഷി തെളിയിക്കുന്നു. അന്തർദേശീയ നിലവാരമുള്ള എൻജിനീയർമാരെ സൃഷ്ടിക്കുന്നതിനും ഇഷ്ടമുള്ള വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിക്കുന്നതിന് അവസരമൊരുക്കുന്നതിനും സംസ്ഥാന വ്യാപകമായി നടക്കുന്ന ഇൻഡക്ഷൻ പ്രോഗ്രാം സഹായിക്കുമെന്നും മന്ത്രി പറഞ്ഞു. 202425 അധ്യയന വർഷത്തിൽ പഠനം ആരംഭിക്കുന്ന മുഴുവൻ ബിടെക് വിദ്യാർത്ഥികൾക്കും ജീവിത വിജയത്തിനായി ആശംസകൾ നേരുന്നതായും മന്ത്രി അറിയിച്ചു. ചടങ്ങിൽ വിവിധ കോഴ്സുകളിൽ സഹകരിക്കുന്നതിനായി നാസ്കോമും സർവകലാശാലയും തമ്മിലുള്ള ധാരണാ പത്രം കൈമാറി.

## പതിനാറാം ധനകാര്യ കമ്മീഷൻ:

# ധനമന്ത്രിമാരുടെ കോൺക്ലേവ് നാളെ

**തിരുവനന്തപുരം:** പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിനായി അഞ്ച് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് വ്യാഴാഴ്ച തിരുവനന്തപുരത്ത് നടക്കും. ഹോട്ടൽ ഹയാത്ത് റിജൻസിയിൽ രാവിലെ 10ന് ആരംഭിക്കുന്ന ഏകദിന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷനാകും.

തെലങ്കാന ഉപമുഖ്യമന്ത്രിയും ധനകാര്യവകുപ്പ് മന്ത്രിയുമായ ഭട്ടി വിക്രമാർക്ക മല്ലു, കർണാടക റവന്യുവകുപ്പ് മന്ത്രി കൃഷ്ണ ബൈരെ ഗൗഡ, പഞ്ചാബ് ധനകാര്യവകുപ്പ് മന്ത്രി ഹർപാൽ സിങ് ചീമ, തമിഴ്നാട് ധനകാര്യവകുപ്പ് മന്ത്രി തങ്കം തെന്നരസു എന്നിവർക്കൊപ്പം സംസ്ഥാന പ്രതിപക്ഷ നേതാവ് വി ഡി സതീശനും പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും കേന്ദ്ര സർക്കാരിന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ, മുൻ ധനകാര്യവകുപ്പ് മന്ത്രി ടി എം തോമസ് ഐസക്, കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി കെ രാമചന്ദ്രൻ തുടങ്ങിയവരും വിശിഷ്ടാതിഥികളാകും. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ചടങ്ങിന് സ്വാഗതം പറയും.

രാജ്യത്ത് സാമ്പത്തിക ഫെഡറലിസം വലിയതോതിൽ വെല്ലുവിളി നേരിടുന്ന കാലഘട്ടത്തിലാണ് ഇത്തരത്തിൽ ഒരു ചർച്ചാസമ്മേളനത്തിന് കേരളം നേതൃത്വം നൽകുന്നത്. സംസ്ഥാനങ്ങൾ നേരിടുന്ന വികസനധനകാര്യ പ്രശ്നങ്ങൾ ഡോ.എ അരവിന്ദ് പനഗാരിയ അധ്യക്ഷനായ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നത് സംബന്ധിച്ച ആശയരൂപീകരണമാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം. ആരോഗ്യപരമായ കേന്ദ്രസംസ്ഥാന ബന്ധത്തിന് സംസ്ഥാനങ്ങളുടെ ധനകാര്യസുസ്ഥിരത അത്യാവശ്യമാണ്. കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട അർഹമായ ധന വിഭവങ്ങൾ ഇതിൽ ഒരു പ്രധാനഘടകമാണ്. എന്നാൽ, നീതിപൂർവ്വമല്ലാത്ത ധനവിഭജന രീതികളിലൂടെ തികച്ചും വിഭിന്നമായ നിലപാടാണ് യൂണിയൻ സർക്കാർ സ്വീകരിക്കുന്നതെന്നും രാജ്യത്തെ മൊത്തം പൊതുചെലവിന്റെ 62.4 ശതമാനവും സംസ്ഥാനങ്ങൾ വഹിക്കേണ്ടിവരുന്നു. രാജ്യത്തെ മൊത്തം വരുമാനത്തിന്റെ 37.3 ശതമാനം മാത്രം സംസ്ഥാനങ്ങൾക്ക് ലഭിക്കുമ്പോൾ 63 ശതമാനത്തോളം കേന്ദ്രത്തിനാണ് കിട്ടുന്നത്. കേന്ദ്ര നികുതി വരുമാനത്തിന്റെ 50 ശതമാനമെങ്കിലും സംസ്ഥാനങ്ങൾക്കായി വിഭജിക്കപ്പെടണം എന്നതാണ് പൊതുവിൽ ഉയരുന്ന ആവശ്യം.

കേന്ദ്ര നികുതി വരുമാനത്തിന്റെ ഗണ്യമായ ഭാഗം സംസ്ഥാനങ്ങൾക്ക് വിഭജിക്കേണ്ടതില്ലാത്ത നിലയിൽ സമാഹരിക്കുന്നു എന്നതാണ് മറ്റൊരു പ്രശ്നം. ഇതിനായി സെസ്, സർചാർജ് തുടങ്ങിയവ ആയുധമാക്കുന്നു. 201112ൽ കേന്ദ്ര സർക്കാരിന്റെ വരുമാനത്തിൽ സെസ്, സർചാർജ് എന്നിവയുടെ പങ്ക് 9.4 ശതമാനമായിരുന്നു. 2022 23 അത് 22.8 ശതമാനമായി ഉയർന്നു. സെസും സർചാർജും സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കുന്ന പൊതു പൂളിൽ ഉൾപ്പെടുന്നില്ല. ഇത് സംസ്ഥാനങ്ങൾക്ക് വലിയ വരുമാന നഷ്ടത്തിന് കാരണമാകുന്നു. പതിനഞ്ചാം ധന കമ്മീഷൻ യൂണിയൻ സർക്കാരിന്റെ വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യാൻ ശുപാർശ ചെയ്തു. ഫലത്തിൽ സംസ്ഥാനങ്ങൾക്ക് ലഭിച്ചത് ഏകദേശം 29.6 ശതമാനം മാത്രം. ഇതിന് കാരണം ഉയർന്ന തോതിലുള്ള സെസും സർചാർജുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ പരിഗണിക്കപ്പെടുന്നില്ല.

കേന്ദ്രധനവിഹിതത്തിൽ കേരളത്തിന് വലിയ നഷ്ടം വരുന്ന ശുപാർശകളാണ് മുൻ ധനകാര്യകമ്മീഷനുകളിൽനിന്ന് ഉണ്ടായത്. പത്താം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത വിഹിതം 3.875 ശതമാനമായിരുന്നെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദേശിച്ചത് 1.92 ശതമാനം മാത്രമാണ്. അതേസമയം, ഉത്തർപ്രദേശിന് പത്താം ധനകാര്യ കമ്മീഷൻ നീക്കിവച്ചത് 17.8 ശതമാനമായിരുന്നെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിക്കിവച്ചത് 17.9 ശതമാനമാണ്. ഇത്തരത്തിൽ കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങൾക്കും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശകളിൽ വലിയ ധനനഷ്ടമാണുണ്ടായത്.

കേരളത്തിന്റെ മൊത്തം നികുതി വരുമാനത്തിന്റെ വെറും 21 ശതമാനമാണ് കേന്ദ്രനികുതിവിഹിതമായി ലഭിക്കുന്നത്. ബാക്കി 79 ശതമാനവും സംസ്ഥാനം തന്നെ സമാഹരിക്കുന്ന നികുതിയാണ്. എന്നാൽ ദേശീയ ശരാശരി അനുസരിച്ച് ഒട്ടേറെ സംസ്ഥാനങ്ങൾക്ക് മൊത്തം നികുതി വരുമാനത്തിന്റെ ശരാശരി 65 ശതമാനം വരെ കേന്ദ്രനികുതിവിഹിതമായി ലഭിക്കുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിന് ശരാശരി 45 ശതമാനം വരെ ലഭിച്ചിരുന്ന കേന്ദ്ര നികുതി വിഹിതമാണ് ഇപ്പോൾ 21 ശതമാനത്തിലേക്ക് കൂപ്പുകുത്തിയത്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് അവകാശങ്ങളിലും ഇത്തരം വിവേചന നിലപാടുകൾ നിലനിൽക്കുന്നു.

ധനകാര്യ കമ്മീഷൻ മാനദണ്ഡരൂപീകരണം മൂലം ചില സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വലിയ വരുമാനനഷ്ടം പരിഹരിക്കാൻ എന്ന പേരിൽ നിർദേശിച്ച റവന്യു കമ്മി ഗ്രാന്റും മതിയായ നഷ്ട പരിഹാരമായില്ല. അർഹതപ്പെട്ട നിലയിൽ നികുതിവിഹിതം തുടർന്നും ലഭിച്ചേ മതിയാകൂ. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റിലും കാലികമായ വർധന ആവശ്യമാണ്. ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന കേരളത്തിന് പ്രത്യേക അധിക സഹായത്തിനും അർഹതയുണ്ട്. വിവിധ സംസ്ഥാനങ്ങൾക്കും ഇത്തരത്തിൽ സാമ്പത്തിക വിവേചനം നേരിടേണ്ടിവരുന്നു. ഇക്കാര്യങ്ങളെല്ലാം ചർച്ചയുടെ ഭാഗമാകും.




കെ.എച്ച്.ആർ.എ. സുരക്ഷാ പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള സഹായധനവിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിയമ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിക്കുന്നു. കെ.എച്ച്.ആർ.എ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ, ജനറൽ സെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാൾ, വർക്കിംഗ് പ്രസിഡന്റ് സി. ബിജുലാൽ, സംസ്ഥാന വൈസ്പ്രസിഡന്റ് അസീസ്, രക്ഷാധികാരി ജി. സുധീഷ്കുമാർ, ട്രഷറർ മുഹമ്മദ് ഷെരീഫ്, സുരക്ഷാ കമ്മിറ്റി ചെയർമാൻ വി. ടി. ഹരിഹരൻ, എറണാകുളം ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ എന്നിവർ സമീപം.

# കെ.എച്ച്.ആർ.എ. സുരക്ഷാ സഹായധന വിതരണം: സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിച്ചു

**കൊച്ചി :** ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസ്സോസിയേഷൻ (കെ.എച്ച്.ആർ.എ) അംഗങ്ങൾക്കും, തൊഴിലാളികൾക്കുമായി ആരംഭിച്ച കെ.എച്ച്.ആർ.എ. സുരക്ഷാ പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള സഹായധനവിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിയമ, വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. എറണാകുളം കെ.എച്ച്.ആർ.എ. ഭവനിൽ നടന്ന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ അദ്ധ്യക്ഷത വഹിച്ചു. അംഗങ്ങൾ മരണപ്പെട്ടാൽ കുടുംബത്തിന് ആശ്വാസമേകുന്ന നല്ലൊരു കാരുണ്യപദ്ധതിയാണ് കെ.എച്ച്.ആർ.എ. വിഭാവനം ചെയ്തിട്ടുള്ളതെന്നും, സംഘടന ചെയ്യുന്ന സാമൂഹ്യസേവനപ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതായും മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

വ്യവസായ റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും, അതിനെല്ലാ സംരംഭകരോടും സർക്കാരിന് നന്ദിയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വ്യവസായ സൗഹൃദ റാങ്കിംഗിൽ സംസ്ഥാനത്തെ ഒന്നാമതെത്തിച്ച വ്യവസായ വകുപ്പിനേയും, വ്യവസായ മന്ത്രിയേയും അഭിനന്ദിച്ചുള്ള സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ മന്ത്രിക്ക് കൈമാറി.

ചടങ്ങിൽ എം.എൽ.എ. ടി. ജെ. വിനോദ് മുഖ്യാതിഥിയായിരുന്നു. മുൻ മന്ത്രി അഹമ്മദ് ദേവർകോവിൽ മുഖ്യപ്രഭാഷണം നടത്തി. കെ.എച്ച്.ആർ.എ സംസ്ഥാന ജനറൽ സെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാൾ, വൈസ്പ്രസിഡന്റ് അസീസ്, രക്ഷാധികാരി ജി. സുധീഷ്കുമാർ, ട്രഷറർ മുഹമ്മദ് ഷെരീഫ്, വർക്കിംഗ് പ്രസിഡന്റ് സി. ബിജുലാൽ, സുരക്ഷാ കമ്മിറ്റി ചെയർമാൻ വി. ടി. ഹരിഹരൻ, എറണാകുളം ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ എന്നിവർ സംസാരിച്ചു.

# സപ്ലൈകോയുടെ ഓണം ഫെയറുകൾക്ക് തുടക്കമായി

**കൊച്ചി:** നിയോജകമണ്ഡല തലത്തിലുള്ള സപ്ലൈകോയുടെ ഓണം ഫെയറുകൾക്ക് തുടക്കമായി. സബ്സിഡി സാധനങ്ങൾ ഫെയറുകളിൽ ലഭ്യമാണ്. ഇതിന് പുറമെ, സബ്സിഡി ഇതര നിത്യോപയോഗ സാധനങ്ങൾക്ക് 45 ശതമാനം വരെ വിലക്കുറവും, ഉച്ചയ്ക്ക് രണ്ടു മുതൽ നാലു വരെ 50% വരെ വിലക്കുറവും സപ്ലൈകോ ഫെയറുകളിലും സൂപ്പർ മാർക്കറ്റുകളിലും നൽകുന്നുണ്ട്.

കളമശ്ശേരി നിയോജകമണ്ഡലത്തിലെ നീരിക്കോട് മാവേലി സ്റ്റോറിലെ ഓണം ഫെയർ വ്യവസായവകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. തൃപ്പൂണിത്തുറ സൂപ്പർമാർക്കറ്റിലെ ഓണം ഫെയർ ഉദ്ഘാടനം കെ ബാബു എംഎൽഎ നിർവഹിച്ചു.

പെരുമ്പാവൂർ സൂപ്പർമാർക്കറ്റ് നിയോജകമണ്ഡലതല ഓണം ഫെയർ എൽദോസ് കുന്നപ്പിള്ളി എംഎൽഎ , അങ്കമാലി പീപ്പിൾസ് ബസാറിലെ ഓണം ഫെയർ റോജി എം ജോൺ എംഎൽഎ, കോലഞ്ചേരി സൂപ്പർമാർക്കറ്റിലെ ഓണം ഫെയർ ശ്രീനിജിൻ എംഎൽഎ, പിറവം ഹൈപ്പർമാർക്കറ്റിലെ ഓണം ഫെയർ അനൂപ് ജേക്കബ് എംഎൽഎ, കോതമംഗലം സൂപ്പർമാർക്കറ്റിലെ ഓണം ഫെയർ ആന്റണി ജോൺ എംഎൽഎ , വൈപ്പിൻ നായരമ്പലം മാവേലി സ്റ്റോറിലെ ഓണം ഫെയർ ഉണ്ണികൃഷ്ണൻ എംഎൽഎ,



ആലുവ സൂപ്പർമാർക്കറ്റിലെ ഓണം ഫെയർ അൻവർ സാദത്ത് എംഎൽഎ, വൈറ്റില സൂപ്പർമാർക്കറ്റിലെ ഓണം ഫെയർ ഉമ തോമസ് എംഎൽഎ, എറണാകുളം ഗാന്ധിനഗർ ഹൈപ്പർമാർക്കറ്റ് ഓണം ഫെയർ ടി ജെ വിനോദ് എംഎൽഎ, കൊച്ചി ചുള്ളിക്കൽ പീപ്പിൾസ് ബസാർ ഓണം ഫെയർ കെ.ജെ മാക്സി എംഎൽഎ എന്നിവർ ഉദ്ഘാടനം ചെയ്തു.

മൂവാറ്റുപുഴ സൂപ്പർമാർക്കറ്റിലെ ഓണം ഫെയർ മൂവാറ്റുപുഴ മുൻസിപ്പാലിറ്റി ചെയർമാൻ പി പി എൽദോ, പറവൂർ പീപ്പിൾസ് ബസാർ ഓണം ഫെയർ, നോർത്ത് പറവൂർ മുൻസിപ്പൽ ചെയർപേഴ്സൺ ബീന ശശിധരൻ എന്നിവർ നിർവഹിച്ചു. സെപ്റ്റംബർ 14 വരെയാണ് ഓണം ഫെയറുകൾ പ്രവർത്തിക്കുക.

## ശ്രീ സുധീന്ദ്ര ആശുപത്രിയിൽ ഫൈൻ സ്പീച്ച് ആന്റ് ഹിയറിംഗ് ക്ലിനിക്ക് പ്രവർത്തനം ആരംഭിക്കുന്നു

**കൊച്ചി :** ശ്രീ സുധീന്ദ്ര ആശുപത്രിയിൽ ഫൈൻ സ്പീച്ച് ആന്റ് ഹിയറിംഗ് ക്ലിനിക്കിന്റെ ഉദ്ഘാടനം നാളെ (12.09.2024, വ്യാഴം ) രാവിലെ 9.30ന് ഹൈബി ഈഡൻ എം.പി. നിർവ്വഹിക്കും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം.ഹനീഷ്, അസ്സോസിയേഷൻ ഓഫ് ഓട്ടോലാരിഞ്ചോളജിസ്റ്റ്സ് ഓഫ് ഇന്ത്യ (എ.ഒ.ഐ) കൊച്ചിൻ ചാപ്റ്റർ പ്രസിഡന്റ് ഡോ.ബിനി ഫൈസൽ, ആശുപത്രി ബോർഡ് പ്രസിഡന്റ് രത്നാകര ഷേണായി, ജനറൽ സെക്രട്ടറി മനോഹർ പ്രഭു, മെഡിക്കൽ ഡയറക്ടർ ഡോ. എം.ഐ.ജുനൈദ് റഹ്മാൻ, പി.റോഷിണി റാണി, ക്യാപ്റ്റൻ മനോജ് കുമാർ തുടങ്ങിയവർ സംബന്ധിക്കും.




# സുഖദം ആയുർവേദ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** ജില്ലാ ആയുർവേദ ആശുപത്രിയും ദാറുൽ ഉലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ നാഷണൽ സർവീസ് സ്കീമും സംയുക്തമായി സ്കൂളിൽ വച്ച് ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി. വി.എച്ച്.എസ്.ഇ പ്രിൻസിപ്പൽ ഷാഹിന ഉൽഘാടനം ചെയ്തു സംസാരിച്ചു.എൻ.എസ്.എസ് കൊ ഓർഡിനേറ്റർ ബിന്ദു ജോർജ്, സിജി മോൾ,ക്യാമ്പ് കൺവീനർ ഡോ. ശ്രീലേഖ, ഡോ സഫ്ന,ഡോ ഷംന, ഡോ. തസ്നി, സീനിയർ ഹൗസ് സർജൻസ്, ഫാർമസിസ്റ്റ് സാബു, അറ്റൻഡർ ശിവദാസൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ഡോ.സഫ്ന, ഡോ.ഷംന, ഡോ. തസ്നി എന്നിവർ ബോധവത്കരണ ക്ലാസ്സുകൾ എടുത്തു. 115 പേർ ക്യാമ്പിൽ പങ്കെടുത്തു. തുടർചികിത്സയ്ക്കുള്ള സൗകര്യം കച്ചേരിപ്പടിയിലുള്ള ജില്ലാ ആയുർവേദ ആശുപത്രിയിൽ നിന്നും ലഭിക്കുന്നതാണ്.

# വയോജന സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം

**കൊച്ചി:** മുതിർന്ന പൗരന്മാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ അവർക്കായി സർക്കാർ, സർക്കാരിതര ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും ഏകോപിപ്പിക്കണമെന്ന് ജില്ലാ നിയമ സേവന അതോറിറ്റി സെക്രട്ടറിയും സീനിയർ സിവിൽ ജഡ്ജുമായ ആർ.ആർ. രജിത. എറണാകുളം ജില്ലാ പഞ്ചായത്ത് ഹാളിൽ രജിസ്ട്രേഷൻ, പോലീസ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി സംഘടിപ്പിച്ച വയോജന സംരക്ഷണ നിയമംഏകദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ജഡ്ജ്.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ അധ്യക്ഷത വഹിച്ചു. വയോജനങ്ങൾക്ക് സൗജന്യമായി മരുന്ന് വിതരണം നൽകുന്ന വയോ രക്ഷ പദ്ധതിയിൽ 10 ലക്ഷം രൂപ മാറ്റിവെച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വയോജനങ്ങൾക്കായി നിരവധി പദ്ധതികൾ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കി വരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. മുതിർന്ന പൗരന്മാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിന് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക എന്നതാണ് സെമിനാറിന്റെ ലക്ഷ്യമെന്ന് സാമൂഹ്യനീതി ഓഫീസർ വി.ജെ. ബിനോയ് പറഞ്ഞു.തുടർന്ന് മാതാപിതാക്കന്മാരുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും നിയമത്തെക്കുറിച്ച് അഡ്വക്കേറ്റ് പ്രവീൺ, അഡ്വക്കേറ്റ് പാർവതി മേനോൻ എന്നിവരും വയോജന മേഖലയിലെ വിവിധ പദ്ധതികളെക്കുറിച്ച് ദിവ്യ രാമകൃഷ്ണൻ, മെയിന്റനൻസ് ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഫോർട്ട് കൊച്ചി സബ് കളക്ടർ കെ. മീര എന്നിവർ ക്ലാസുകളെടുത്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് അഡ്വ. എൽസി ജോർജ്, വയോജന കൗൺസിൽ അംഗം കെ.എം. പീറ്റർ എന്നിവർ സംസാരിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസ് സീനിയർ സൂപ്രണ്ട് എം.വി.സ്മിത നന്ദി പറഞ്ഞു.




**ഇന്ത്യയിലെ ആദ്യ ക്യുആർ അധിഷ്ഠിത കോയിൻ വെൻഡിങ് മിഷ്യന്റെ ഉദ്ഘാടനം ഫെഡറൽ ബാങ്ക് കോഴിക്കോട് പുതിയറ ശാഖയിൽ ബാങ്കിന്റെ ചീഫ് ടെക്നോളജി ഓഫിസറും ഗ്രൂപ് പ്രസിഡന്റുമായ ജോൺസൺ കെ ജോസ് നിർവഹിക്കുന്നു. ബാങ്കിന്റെ സോണൽ മേധാവി എ സുതീഷ്, റീജണൽ മേധാവി ജോസ്മോൻ പി ഡേവിഡ്, പുതിയറ ബ്രാഞ്ച് മേധാവി എ കെ ഷോബിൻ തുടങ്ങിയവർ സമീപം.**

# ഇന്ത്യയിൽ ആദ്യമായി ക്യുആർ അധിഷ്ഠിത കോയിൻ വെൻഡിങ് മിഷ്യൻ പുറത്തിറക്കി ഫെഡറൽ ബാങ്ക്

**കൊച്ചി:** രാജ്യത്തെ ആദ്യ ക്യുആർ അധിഷ്ഠിത കോയിൻ വെൻഡിങ് മിഷ്യൻ ഫെഡറൽ ബാങ്ക് പുറത്തിറക്കി. കോഴിക്കോട് പുതിയറ ബ്രാഞ്ചിൽ സ്ഥാപിച്ച മിഷ്യൻ ബാങ്കിന്റെ ചീഫ് ടെക്നോളജി ഓഫിസറും ഗ്രൂപ് പ്രസിഡന്റുമായ ജോൺസൺ കെ ജോസ് ഉദ്ഘാടനം ചെയ്തു. ബാങ്കിന്റെ കോഴിക്കോട് സോൺ മേധാവിയും സീനിയർ വൈസ് പ്രസിഡന്റുമായ എ സുതീഷ് സന്നിഹിതനായിരുന്നു. നാണയം വിതരണം ചെയ്യുന്ന പരമ്പരാഗത മിഷ്യനുകളേക്കാൾ ലളിതമായ ഈ സംവിധാനം ചെറുകിട കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും ഏറെ സൗകര്യപ്രദമാണ്. ഈ സംവിധാനത്തിലൂടെ 24 മണിക്കൂറും ഏതു ബാങ്കിന്റെ ഇടപാടുകാർക്കും നാണയങ്ങൾ ലഭ്യമാകും. നാണയങ്ങളുടെ ലഭ്യത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കന്ന ഈ പുതിയ സംവിധാനം സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ബാങ്കിങ് അനുഭവങ്ങൾ മെച്ചപ്പെടുത്താനുള്ള തങ്ങളുടെ കാഴ്ചപ്പാടിനോടു യോജിച്ചു പോകുന്നതു കൂടിയാണെന്ന് ചീഫ് ടെക്നോളജി ഓഫിസറും ഗ്രൂപ് പ്രസിഡന്റുമായ ജോൺസൺ കെ ജോസ് പറഞ്ഞു.

# എയർ ഇന്ത്യ എക്സ്പ്രസിൽ ഫ്ളാഷ് സെയിൽ

**കൊച്ചി:** 932 രൂപ മുതൽ ആരംഭിക്കുന്ന വിമാന ടിക്കറ്റുകളുമായി എയർ ഇന്ത്യ എക്സ്പ്രസ് ഫ്ളാഷ് സെയിൽ ആരംഭിച്ചു. 2025 മാർച്ച് 31 വരെയുള്ള യാത്രകൾക്കായി സെപ്റ്റംബർ 16 വരെ എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ബുക്ക് ചെയ്യുന്ന ടിക്കറ്റുകളാണ് 932 രൂപ മുതലുള്ള എക്സ്പ്രസ് ലൈറ്റ് നിരക്കിൽ ലഭിക്കുക. മറ്റ് ബുക്കിംഗ് ചാനലുകളിലൂടെ ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾ 1088 രൂപ മുതലുള്ള എക്സ്പ്രസ് വാല്യൂ നിരക്കിലും ലഭിക്കും.




ഓണക്കാലത്ത് മലയാളികൾ ഏറ്റവുമധികം ആശ്രയിക്കുന്ന കൊച്ചി ബാംഗ്ലൂർ, ബാംഗ്ലൂർ ചെന്നൈ മുതൽ ഡെൽഹിഗ്വാളിയർ, ഗുവാഹത്തി അഗർത്തല തുടങ്ങി നിരവധി റൂട്ടുകളിൽ ഓഫർ നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാണ്.

വെബ്സൈറ്റിലൂടെ ബുക്ക് ചെയ്ത് ചെക്ക് ഇൻ ബാഗേജ് ഇല്ലാതെ എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ യാത്ര ചെയ്യുന്നവർക്ക് 3 കിലോ അധിക ക്യാബിൻ ബാഗേജ് നേരത്തെ ബുക്ക് ചെയ്താൽ സൗജന്യമായി ലഭിക്കും. കൂടുതൽ ലഗേജ് ഉള്ളവർക്ക് ആഭ്യന്തര വിമാനങ്ങളിൽ 15 കിലോ ചെക്ക് ഇൻ ബാഗേജിന് 1000 രൂപയും അന്താരാഷ്ട്ര വിമാനങ്ങളിൽ 20 കിലോയ്ക്ക് 1300 രൂപയുമാണ് ഈടാക്കുക.

വെബ്സൈറ്റിലൂടെ ടിക്കറ്റെടുക്കുന്ന എയർ ഇന്ത്യ എക്സ്പ്രസ് ലോയൽറ്റി അംഗങ്ങൾക്ക് 8 ശതമാനം വരെ ന്യൂ കോയിനുകൾ, 40 ശതമാനം കിഴിവിൽ ഗോർമേർ ഭക്ഷണം, പാനീയങ്ങൾ, ബിസ്, പ്രൈം സീറ്റുകൾ, മുൻഗണന സേവനങ്ങൾ എന്നിവയും ലഭിക്കും. വിദ്യാർഥികൾ, മുതിർന്ന പൗരർ, ചെറുകിട ഇടത്തരം സംരംഭകർ, ഡോക്ടർ, നഴ്സ്, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്കും വെബ്സൈറ്റിലൂടെ പ്രത്യേക കിഴിവിൽ ടിക്കറ്റ് ബുക്ക് ചെയ്യാം.

ബിസിനസ് ക്ലാസിന് തത്തുല്യമായ എക്സ്പ്രസ് ബിസ് നിരക്കുകൾ എയർ ഇന്ത്യ എക്സ്പ്രസിൻറെ എല്ലാ പുതിയ ബോയിംഗ് 7378 വിമാനങ്ങളിലും ലഭ്യമാണ്. മികച്ച യാത്രാ അനുഭവത്തിനായി 58 ഇഞ്ച് വരെ സീറ്റുകൾ തമ്മിൽ അകലമുള്ള എക്സ്പ്രസ് ബിസ് വിഭാഗത്തിലേക്ക് ടിക്കറ്റ് മാറ്റുന്നതിനും അവസരമുണ്ട്. അതിവേഗ വികസനത്തിൻറെ ഭാഗമായി ഓരോ മാസവും പുതിയ നാല് വിമാനങ്ങളാണ് എയർ ഇന്ത്യ എക്സ്പ്രസിൻറെ ഫ്ളീറ്റിലേക്ക് ഉൾപ്പെടുത്തുന്നത്. 2023 ഒക്ടോബറിന് ശേഷം ഉൾപ്പെടുത്തിയ 30 ലധികം പുതിയ വിമാനങ്ങളിൽ 4 മുതൽ 8 വരെ ബിസ് ക്ലാസ് സീറ്റുകളുണ്ട്.

# ബന്ധൻ ബിസിനസ് സൈക്കിൾ ഫണ്ടുമായി ബന്ധൻ മ്യൂച്ചൽ ഫണ്ട്

**കൊച്ചി:** വിപണി സാഹചര്യങ്ങൾക്കനുസരിച്ച് മികച്ച അവസരങ്ങൾ കണ്ടെത്തി ഓഹരി നിക്ഷേപം നടത്താവുന്ന ബന്ധൻ ബിസിനസ് സൈക്കിൾ ഫണ്ടുമായി ബന്ധൻ മുചൽ ഫണ്ട്. സെപതംബർ 24 വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാൻ അവസരമുണ്ട്. ഓഹരി വിപണി ട്രെൻഡുകൾ, വിവിധ മേഖലകളിലെ മികച്ച നിക്ഷേപ സമയം തുടങ്ങി ബിസിനസ് ചാക്രിക പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ഫണ്ട്. വിപണി സാഹചര്യങ്ങൾ നോക്കി റിസ്ക് കൈകാര്യം ചെയ്യുന്നതോടൊപ്പം വളർച്ചാ അവസരങ്ങളും പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണ് ഈ ഫണ്ട്. ദീർഘകാല നിക്ഷേപം ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമാണിത്. ലൈസൻസുള്ള മുചൽ ഫണ്ട് വിതരണക്കാർ, ഫിനാൻഷ്യൽ അഡ്വൈസർമാർ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവ മുഖേന ഈ ഫണ്ടിൽ നിക്ഷേപിക്കാം. ബന്ധൻ മുചൽ ഫണ്ട് വെബ്സൈറ്റിലും ലഭ്യമാണ്.

# ആർക്കേഡ് ഡെവലപ്പേഴ്സ് ലിമിറ്റഡ് ഐപിഒ 16 മുതൽ

**കൊച്ചി:** മെട്രോപൊളിറ്റൻ മേഖലയിലെയും മഹാരാഷ്ട്രയിലെയും മുൻനിര ഡെവലപ്പർമാരായ ആർക്കേഡ് ഡെവലപ്പേഴ്സ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന 2024 സെപ്തംബർ 16 മുതൽ 19 വരെ നടക്കും. 410 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 121 രൂപ മുതൽ 128 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 110 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 110 ന്റെ ?ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കായി നീക്കിവെച്ചിരിക്കുന്ന വിഭാ?ഗത്തിൽ ഓഹരി ഒന്നിന് അഞ്ച് രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

യൂണിസ്റ്റോൺ ക്യാപിറ്റലാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ .

# ഓണാഘോഷം ആരോഗ്യകരമാക്കണം

**കൊച്ചി:** ഓണാഘോഷം ആരോഗ്യകരാമവണെന്ന ആഹ്വാനവുമായി പ്രമുഖ ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി. സന്തോഷത്തിന്റെയും ഐക്യത്തിന്റെയും ആഘോഷത്തിന്റെയും സമയമാണ് ഓണം. പരമ്പരാഗതമായി നോക്കുകയാണെങ്കിൽ ബദാം ഓണസദ്യയുടെ ഭാഗമല്ലെങ്കിലും, അവയുടെ പോഷകഗുണങ്ങൾ ഉത്സവത്തിന്റെ വിലയേറിയ കൂട്ടിച്ചേർക്കലാക്കി അതിനെ മാറ്റുന്നുണ്ടെന്ന് അവർ പറഞ്ഞു. പാൽപായസം, പരിപ്പ് പ്രഥമൻ തുടങ്ങിയ വിഭവങ്ങളിൽ ബദാം ചേർക്കാം, കൂട്ടുകറി പോലുള്ള വിഭവങ്ങൾക്ക് അലങ്കാരമായും ഉപയോഗിക്കാം. വിറ്റാമിൻ ഇ, കാത്സ്യം, മഗ്നീഷ്യം, പൊട്ടാസ്യം, സിങ്ക്, ഫോളേറ്റ്, റൈബോഫ്ളേവിൻ, ഫോസ്ഫറസ് എന്നിവ ബദാമിൽ അടങ്ങിയിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷന്റെ ഇന്ത്യക്കാർക്കുള്ള ഭക്ഷണ മാർഗനിർദേശങ്ങൾ അനുസരിച്ച് നല്ല ആരോഗ്യത്തിന് ബദാം പോലുള്ള നട്ട്സ് ദിവസവും കഴിക്കണം. ഓണാഘോഷത്തിൽ ബദാം ഉൾപ്പെടുത്തുന്നത് ആഘോഷങ്ങൾക്ക് ആരോഗ്യപരമായ ഗുണങ്ങൾ നൽകുകയും രുചി കൂട്ടുകയും ചെയ്യും. ഓണക്കാലത്ത് അനാരോഗ്യകരമായ ചോയിസുകൾക്ക് പകരം, ആരോഗ്യകരമായ സ്നാക്ക് ഓപ്ഷനായി ബദാം തിരഞ്ഞെടുക്കുന്നത് പരിഗണിക്കാമെന്നും അവർ പറഞ്ഞു.

# പിസിഎഎഫ്ൽ ഒപ്പു വയ്ക്കുന്ന ആദ്യത്തെ ഇന്ത്യൻ ബാങ്കായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ പാർട്ണർഷിപ് ഫോർ കാർബൺ അക്കൗണ്ടിംഗ് ഫിനാൻഷ്യൽസ് (പിസിഎഎഫ്) ഒപ്പു വെക്കുമെന്ന് പ്രഖ്യാപിച്ചു. വായ്പകളുമായും നിക്ഷേപങ്ങളുമായും ബന്ധപ്പെട്ട ഹരിതഗൃഹ വാതക പുറന്തള്ളൽ വിലയിരുത്തുന്നതിനും വെളിപ്പെടുത്തുന്നതിനും യോജിച്ച സമീപനം വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ ആഗോള പങ്കാളിത്തമാണ് പിസിഎഎഫ്. സ്കോപ്പ് 3 ഉദ്വമനം എന്ന് വിളിക്കപ്പെടുന്ന സാമ്പത്തിക ഉദ്വമനം ഒരു ബാങ്കിന്റെ വായ്പ നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പരോക്ഷ ഉദ്വമനങ്ങളെ പ്രതിനിധീകരിക്കുന്നു. ഈ ഉദ്വമനങ്ങൾക്ക് ഒരു ബാങ്കിന്റെ പ്രവർത്തനപരമായ ഉദ്വമനത്തെ മറികടക്കാനും കാലാവസ്ഥാ വ്യതിയാനത്തിനും വികസിച്ചുകൊണ്ടിരിക്കുന്ന നിയന്ത്രണങ്ങൾക്കും മുന്നിൽ അതിന്റെ പോർട്ട്ഫോളിയോയ്ക്ക് അപകടസാധ്യതകൾ സൃഷ്ടിക്കാനും കഴിയും.




കൊച്ചി ലുലു മാളിന്റെ ലുലു 'ഒരുമിച്ചോണം' ഓണാഘോഷത്തിന്റെ ലോഗോ പ്രകാശനം റഹ്മാനും ബാബു ആന്റണിയും ചേർന്ന് നിർവഹിക്കുന്നു.

# ഒരുമയുടെ സന്ദേശവുമായി ലുലു ഒരുമിച്ചോണം

**കൊച്ചി :** ഓണാഘോഷത്തിന്റെ വർണകാഴ്ചകളുമായി കൊച്ചി ലുലു ഒരുങ്ങികഴിഞ്ഞു. ഒരുമയുടേയും ഐക്യത്തിന്റെയും സന്ദേശം വിളിച്ചോതി 'ഒരുമിച്ചോണം' പ്രമേയത്തിലാണ് ഇത്തവണത്തെ ഓണാഘോഷം. ലുലു 'ഒരുമിച്ചോണം' ക്യാംപെയ്നിന്റെ ലോഗോ സിനിമാതാരങ്ങളായ റഹ്മാനും ബാബു ആന്റണിയും ചേർന്ന് പ്രകാശനം ചെയ്തു.

ആവേശം വർധിപ്പിച്ച് വടംവലി മത്സരമാണ് ഈ ഓണക്കാലത്തെ ഹൈലൈറ്റ്. ലുലു മാൾ ആട്രിയത്തിൽ നടക്കുന്ന വടംവലി മത്സരത്തിൽ രാജ്യത്തെ മികച്ച വടംവലി വീരൻമാർ മാറ്റുരയ്ക്കും. വിജയികൾക്ക് മൂന്നര ലക്ഷത്തോളം രൂപ സമ്മാനം. മൂന്ന് വിഭാഗങ്ങളിലായാണ് മത്സരം. രണ്ടു ദിവസങ്ങളിലായി നടക്കുന്ന മത്സരങ്ങളിൽ ഫ്രീ സ്റ്റൈൽ വിഭാഗത്തിൽ ഹെവി വെയ്ട് വിഭാഗവും, പുരുഷന്മാരുടെ ഷോൾഡർ പുൾ മത്സരവുമാണ് നടക്കുന്നത്. ബുധനാഴ്ച്ചയാണ് (ഇന്ന്) പുരുഷൻമാരുടെ മത്സരം.ആദ്യമായി വനിതാ ടീമുകളുടെ ഇൻഡോർ വടംവലി മത്സരവും ഉണ്ടായിരിക്കും.

ആഘോഷത്തോടനുബന്ധിച്ച് തലമുറകൾ ഒന്നിച്ച ഓണക്കളികൾ 'പഴമയുടെ ഒരുമ', ഓണം സ്പെഷ്യൽ മ്യൂസിക്കൽ പ്രോഗ്രാം വിത്ത് സ്റ്റാർ സിംഗേഴ്സ്, അവതാരകൻ മാതുകുട്ടി നേതൃത്വം നൽകുന്ന ലേലം വിളി , തിരുവാതിര കളി മത്സരവും നടക്കും. ഈ മാസം 22വരെ ലുലു മാളിൽ കേരള തനത് കലാരൂപങ്ങൾ അവതരിപ്പിച്ചു കൊണ്ടുള്ള ഓണാഘോഷപരിപാടികളും നടക്കും.

ലുലു സ്റ്റോറുകളിൽ ആകർഷകമായ ഓഫറുകളും സ്പെഷ്യൽ ഓണകിറ്റുകളും ക്യാപെയ്ന്റെ ഭാഗമായി ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്.

ലുലു സെലിബ്രേറ്റിലും ഫാഷൻ സ്റ്റോറിലും ആകർഷകമായ കളക്ഷനുകളും എത്തിയിട്ടുണ്ട്. കൊച്ചി ലുലു മാളിൽ നടന്ന ലോഗോ പ്രകാശനത്തിൽ ലുലു മാൾ മാനേജർ വിഷ്ണു ആർ. നാഥ് , സീനിയർ ഓപ്പറേഷൻസ് മാനേജർ ഒ. സുകുമാരൻ, സീനിയർ ചീഫ് എഞ്ചിനീയർ പി.പ്രസാദ്, എച്ച് ആർ ഹെഡ് അനൂപ് മജീദ് , സെക്യൂരിറ്റി മാനേജർ ബിജു എന്നിവരും ഭാഗമായി.

# ഓണത്തിന് പാദരക്ഷകളുടെ ശേഖരവുമായി ലാംഗ്വേജ്

**കൊച്ചി:** ഓണത്തെ വരവേൽക്കാനൊരുങ്ങുന്ന മലയാളികൾക്കായി പാദരക്ഷകളുടെ പുതുപുത്തൻ കമനീയ ശേഖരമൊരുക്കി ലാംഗ്വേജ് ഫുട്വെയർ കമ്പനി. പരമ്പരാഗത, സമകാലിക ശൈലികൾ കൂട്ടിയിണക്കിക്കൊണ്ടുള്ള പുതിയ കളക്ഷനാണ് ലാംഗ്വേജ് ഈ ഓണക്കാലത്ത് വിപണിയിലെത്തിക്കുന്നത്. എല്ലാ പ്രായക്കാർക്കും ഇണങ്ങുന്ന വ്യത്യസ്ത റേഞ്ചുകളിലുള്ള പാദരക്ഷകളാണ് ഈ ഓണ സീസണിൽ ലാംഗ്വേജ് പുറത്തിറക്കുന്നത്.



ചെറുപ്പക്കാർ മുതൽ പ്രായമുള്ളവർ വരെയുള്ള എല്ലാ വിഭാഗം ആളുകളെയും മുന്നിൽക്കണ്ടാണ് ഡിസൈനുകൾ ഒരുക്കിയിട്ടുള്ളതെന്ന് കമ്പനി അറിയിച്ചു. പരമ്പരാഗത, ആധുനിക ശൈലികൾ ഒത്തിണങ്ങിയ റോവൻ ലോഫറുകളും ഡെറക് ലോഫറുകളും പുരുഷൻമാർക്ക് ഏറ്റവും ഇണങ്ങുന്ന മോഡലുകളാണ്.

സ്ത്രീകൾക്കായി ഹെര മൊക്കാസിൻസ്, എറിൻ മ്യൂൾസ് എന്നീ മോഡലുകളാണ് ഏറ്റവുമധികം റെക്കമെൻഡ് ചെയ്യുന്നത്. ഓണക്കോടികൾക്കൊപ്പം കൂടുതൽ സ്റ്റൈലിഷായ ലുക്ക് നൽകുന്ന ഈ മോഡലുകളിലും പാരമ്പര്യവും ആധുനിക ശൈലിയും കൂട്ടിയോജിപ്പിച്ചിരിക്കുന്നു.

കൊച്ചിയിലെ ലുലു മാൾ അടക്കം രാജ്യമെമ്പാടുമുള്ള 250ലധികം എക്സ്ക്ലൂസീവ്, മൾട്ടിബ്രാൻഡ് ഔട്ട്ലെറ്റുകളിലും ഓൺലൈൻ സ്റ്റോറുകളിലും ലാംഗ്വേജ് ലഭ്യമാണ്.

# മൈക്രോസോഫ്റ്റ് സ്റ്റാർട്ടപ്പ് ഫൗണ്ടേഴ്സ് ഹബിൽ ഇടം പിടിച്ച് കെഎസ് യുഎം സ്റ്റാർട്ടപ്പ് സ്കൂൾ ഗുരു

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഇൻകുബേറ്റ് ചെയ്തിട്ടുള്ള എഡ്ടെക് സ്റ്റാർട്ടപ്പായ സ്കൂൾ ഗുരു മൈക്രോസോഫ്റ്റിൻറെ പ്രശസ്തമായ സ്റ്റാർട്ടപ്പ് ഫൗണ്ടേഴ്സ് ഹബിൽ ഇടംപിടിച്ചു. ഇതിലൂടെ മൈക്രോസോഫ്റ്റിൻറെ ക്ലൗഡ് പ്ലാറ്റ് ഫോമായ അസൂർ ഉപയോഗിച്ച് സ്കൂൾ ഗുരുവിൻറെ പ്രവർത്തനം കൂടുതൽ മെച്ചമാക്കാൻ കഴിയും.വിദ്യാഭ്യാസ മേഖലയിലെ വിപ്ലവകരമായ മാറ്റമാണ് എഐ സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഇ ലേണിംഗ് സംവിധാനത്തിലൂടെ സ്കൂൾ ഗുരു കൊണ്ടുവന്നത്.

KERALA STARTUP MISSION

സ്കൂൾ ഗുരുവിൻറെ സാങ്കേതികവിദ്യ കൂടുതൽ മെച്ചപ്പെടുത്താനും അതുവഴി സേവനം കാര്യക്ഷമമാക്കാനുമായി മൈക്രോസോഫ്റ്റിൽ നിന്ന് വിദഗ്ധോപദേശമടക്കമുള്ള സഹായം ഇതു വഴി ലഭിക്കുമെന്ന് കമ്പനി സിഇഒ അമീർ ഷാജി പറഞ്ഞു. മികച്ച ബിസിനസ് മാതൃകയ്ക്കായുള്ള ടൂളുകളും അതു വഴി നേരിട്ടുള്ള വിപണിതന്ത്രങ്ങൾ മെനയാനും ഉത്പന്ന പദ്ധതി തയ്യാറാക്കാനുമെല്ലാം ഇതിലൂടെ കഴിയും. ആഗോള തലത്തിലുള്ള സ്റ്റാർട്ടപ്പുകളുമായി ബന്ധം സ്ഥാപിക്കൽ, സഹകരണം എന്നിവയ്ക്കൊപ്പം അന്താരാഷ്ട്ര വിപണിയിലേക്കുള്ള വാതിൽ തുറക്കാനും സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഓരോ വിദ്യാർഥിയുടെയും അഭിരുചിയ്ക്കനുസരിച്ച് നിർമ്മിതബുദ്ധിയുപയോഗിച്ച് അധ്യയനം സാധ്യമാക്കുന്ന സാങ്കേതികവിദ്യയാണ് എഡ്യുബ്ര്യൂ സ്മാർട്ട് എന്ന ലേണിംഗ് ആപ്പിലൂടെ സ്കൂൾ ഗുരു ചെയ്യുന്നത്. കേവലം ട്യൂഷനെന്നതിനപ്പുറം അവരുടെ ജീവിത രീതി തന്നെ മാറ്റുന്ന തരത്തിലുള്ള ഗുണമേൻമയുള്ള സേവനമാണ് സ്കൂൾ ഗുരു ചെയ്യുന്നത്. പ്രിസം അക്കാദമിയെന്ന പഴയ കമ്പനിയിൽ നിന്ന് സ്കൂൾ ഗുരുവിലേക്കെത്തിയത് കൊവിഡ്19 ലോക്ഡൗണിലൂടെയാണെന്നും അമീർ ഷാജി പറഞ്ഞു.

തത്സമയ വീഡിയോ, ക്വിസ്, പരീക്ഷകൾ എന്നിവയിലൂടെയാണ് സ്കൂൾ ഗുരു അധ്യയനം നടത്തുന്നത്. ഓരോ വിദ്യാർത്ഥിയ്ക്കും പ്രത്യേകമായ ശ്രദ്ധ വിദഗ്ധരായ അധ്യാപകർ നൽകുന്നു. അധ്യയനത്തിന് പുറമെയുള്ള പരിശീലനങ്ങളും ഇതിലൂടെ നൽകാറുണ്ടെന്നും അമീർ പറഞ്ഞു.

